# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 21 ലക്കം 10 പേജ് 6 2015 മാർച്ച് 15



2 ധ്യാനപീഠം

3 കൈക്കുഞ്ഞുമായി യാത്ര ചെയ്യുന്ന അമ്മമാരുടെ പ്രാർത്ഥന ഇനി ഈ വൈദികന് സ്വന്തം

4 ശ്രേഷ്ഠ ബാവായ്ക്കും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കും പ്രശംസയും അനുഗ്രഹവർഷവുമായി പ.പാത്രിയർക്കീസ് ബാവായുടെ കല്പന

5 പാത്രിയർക്കീസിന്റെ സന്ദർശനം ഉയർത്തുന്ന ചിന്തകൾ


## മലങ്കര അസോസിയേഷൻ വിളിച്ചുകൂട്ടണമെന്ന് ആവശ്യപ്പെട്ട് ഒപ്പുശേഖരണം

കോട്ടയം ; മലങ്കര അസോസിയേഷൻ വിളിച്ചുകൂട്ടി മെത്രാപ്പോലീത്തന്മാരുടെ സ്ഥലംമാറ്റം ഭരണഘടനയിൽ ചേർക്കണമെന്ന ആവശ്യവുമായി സഭാമാനേജിംഗ് കമ്മിറ്റി അംഗങ്ങൾ രംഗത്ത്.

ഇതിനുവേണ്ടി സഭാമാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ ഒപ്പുശേഖരണം നടത്തി പ.കാതോലിക്കാ ബാവായ്ക്ക് നിവേദനം നൽകുവാനാണ് ശ്രമിക്കുന്നത്.

സഭയുടെ കെട്ടുറപ്പ് സഭാഭരണഘടന പ്രകാരം പരിരക്ഷിക്കുവാനാണ് ഈ നീക്കമെന്നും മാനേജിംഗ് കമ്മിറ്റിയംഗങ്ങളിൽ ചിലർ പറഞ്ഞു. പ.ബാവാ നിയോഗിച്ച കമ്മീഷന്റെ തീരുമാനം ഏഴുവർഷമെന്നതുപോലും ഇനി അംഗീകരിക്കുകയില്ലെന്നും സഭയുടെ എല്ലാ സ്ഥാനങ്ങളുടെയും കാലാവധിപോലെ ട്രാൻസ്ഫറിനുള്ള കാലാവധി അഞ്ചു വർഷമാക്കി നിശ്ചയിക്കണമെന്നും ആവശ്യപ്പെടുമെന്നും അവർ പറയുന്നു.

സഭാഭരണഘടന സാധുതകളെ അവഗണിച്ച് സഭാമാനേജിംഗ് കമ്മിറ്റി തീരുമാനങ്ങൾ സുന്നഹദോസ് അവഗണിക്കുന്നത് അപകടകരമായ അവസ്ഥയാണെന്നും അജ

(ശേഷം പേജ് 5-ൽ)

## മെത്രാന്മാരുടെ സ്ഥലംമാറ്റം : പ്രശ്നക്കാരായ മാനേജിംഗ് കമ്മിറ്റി അംഗങ്ങളുമായി ചർച്ച നടത്താൻ സുന്നഹദോസ് സമിതി

കോട്ടയം : മലങ്കരസഭയിലെ മെത്രാന്മാരുടെ സ്ഥലംമാറ്റം സംബന്ധിച്ചുള്ള പ്രതിസന്ധി തരണം ചെയ്യാൻ പ്രശ്നക്കാരായ മാനേജിംഗ് കമ്മിറ്റി അംഗങ്ങളുമായി ചർച്ച നടത്താൻ പ.സുന്നഹദോസ് മെത്രാപ്പോലീത്താമാരുടെ ഉപസമിതിയെ ചുമതലപ്പെടുത്തി. അതനുസരിച്ച് മെത്രാപ്പോലീത്തന്മാരായ യൂഹാനോൻ മാർ മിലിത്തിയോസ്, യൂഹാനോൻ മാർ ദീയസ്കോറോസ്, സഖറിയാ മാർ അപ്രേം, ഏബ്രഹാം മാർ സെറാഫിം എന്നിവർ മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ ഐ.സി.ചെറിയാൻ, അലക്സാണ്ടർ കെ.ജോൺ, തോമസ് ജോൺ, എ.കെ.ജോസഫ്, വി.മാത്തുണ്ണി, കുര്യൻ സി.ഐസക്ക്, ജിജു പി.വർഗീസ്, ജോൺസൺ കല്ലട തുടങ്ങിയവരുമായി ചർച്ച നടത്തിയെങ്കിലും കാര്യമായ എന്തെങ്കിലും തീരുമാനത്തിൽ എത്താൻ സാധിച്ചില്ല എന്നാണറിയുന്നത്.

## പാത്രിയർക്കീസിന്റെ സന്ദർശനം : മന്ത്രിമാരെ ബഹിഷ്ക്കരിക്കുവാൻ ധാരണ

### മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, മന്ത്രിമാരായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, അടൂർ പ്രകാശ്, അനൂപ് ജേക്കബ് തുടങ്ങിയവർ ശത്രുഗണത്തിൽ

കോട്ടയം : പ.അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് അപ്രേം രണ്ടാമന്റെ മലങ്കരസഭാ സന്ദർശനത്തിനുവേണ്ട സൗകര്യങ്ങൾ ഒരുക്കുകയും, അദ്ദേഹത്തിന് അകമ്പടി സേവിക്കുകയും ചെയ്ത മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, മന്ത്രിമാരായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, അടൂർ പ്രകാശ്, കെ. ബാബു തുടങ്ങിയ കോൺഗ്രസ്സ് മന്ത്രിമാരെയും കേരളാ കോൺഗ്രസ്സ് മന്ത്രി അനൂപ് ജേക്കബിനെയും മലങ്കരസഭയുടെ പരിപാടികളിൽ ക്ഷണിക്കാതിരിക്കാനും അവർ പങ്കെടുക്കുന്ന പരിപാടികളിൽ പ.കാതോലിക്കാ ബാവായും മലങ്കരസഭയിലെ തിരുമേനിമാരും പങ്കെടുക്കാതിരിക്കാനും ഉന്നത തലത്തിൽ ധാരണയായതായി അറിയുന്നു. പ. അന്ത്യോഖ്യാ പാത്രിയർക്കീസ് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ എത്തിയപ്പോൾ അദ്ദേഹത്തെ സ്വീകരിക്കാൻ ഓർത്തഡോക്സുകാരനായ കേരളാ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നേരിട്ടെത്തിയത് സഭാതലത്തിൽ വലിയ പ്രതിഷേധത്തിന് കാരണമായി. അതുപോലെ പ.പാത്രിയർക്കീസ് ബാവാ പങ്കെടുത്ത പൊതുസമ്മേളനങ്ങളിൽ ഉമ്മൻ ചാണ്ടിയും കോൺഗ്രസ്സ് മന്ത്രിമാരും പങ്കെടുത്തത് മലങ്കരസഭയ്ക്ക് വളരെ ക്ഷീണം ചെയ്തതായാണ് വിലയിരുത്തൽ. ഇതിന്റെ പശ്ചാത്തലത്തിലാണ് മന്ത്രിമാരെ ബഹിഷ്ക്കരിക്കാൻ ഉന്നതതലത്തിൽ ധാരണ.

എന്നാൽ ഈ ധാരണയ്ക്ക് എത്രനാളത്തെ ആയുസ്സുണ്ടാകും എന്ന് പല സഭാംഗങ്ങളും സംശയിക്കുന്നുണ്ട്. മന്ത്രിമാരാരും സഭയുടെ ഈ തിരുമാനത്തിൽ ആകുലരല്ല. കോലഞ്ചേരി പള്ളി പ്രശ്നം കൊടുമ്പിരികൊണ്ടുനിന്നിരുന്ന കാലത്ത് യു.ഡി.എഫിനെതിരെ ഒരു പൊതുവികാരം സഭയിലുണ്ടായിരുന്നു. അക്കാലത്താണ് പിറവം ഉപതെരഞ്ഞെടുപ്പ് നടന്നതും അനൂപ് ജേക്കബ് സ്ഥാനാർത്ഥിയായതും. കണ്ടനാട് ഭദ്രാസന നേതൃത്വം അനൂപ് ജേക്കബിനെ പരാജയപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചു. കണ്ടനാട് ഭദ്രാസനം പൊതുവെയും അനൂപ് ജേക്കബിന് എതിരായിരുന്നു. എന്നാൽ ആ സമയത്ത് നടന്ന വൈദിക ട്രസ്റ്റി തെരഞ്ഞെടുപ്പിൽ കോനാട്ട് അച്ചന് വോട്ടു ലഭിക്കാൻ വേണ്ടി യു.ഡി.എഫുമായി ചില ഉന്നതർ രഹസ്യധാരണ ഉണ്ടാക്കി. കോനാട്ട് അച്ചൻ ജയിച്ചു. അദ്ദേഹത്തിന്റെ സ്വന്തം ഇടവക ഉൾപ്പെടുന്ന പാമ്പാക്കുട പഞ്ചായത്തിൽ അനൂപ് ജേക്കബിന് ഏറ്റവും അധികം വോട്ടുലഭിച്ചു. വടക്കൻ ഭദ്രാസനങ്ങളിലെ പാവം ഓർത്തഡോക്സുകാർ വെറും മണ്ടന്മാരായി. കോല

(ശേഷം പേജ് 5-ൽ)

## പ.അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മലങ്കരസഭാ സന്ദർശനം ഉയർത്തുന്ന ചിന്തകൾ

ഫാ.ഡോ.എം.ഒ.ജോൺ

അന്ത്യോഖ്യാ പാത്രിയർക്കീസ് പ.ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ ബാവാ കഴിഞ്ഞമാസം ഏഴു മുതൽ പതിനാറു വരെ മലങ്കരയിൽ സന്ദർശനം നടത്തി. മഞ്ഞിനിക്കര പെരുന്നാളിൽ സംബന്ധിക്കുകയായിരുന്നു അദ്ദേഹത്തിന്റെ പ്രധാന പരിപാടി. മലങ്കരയിലെ യാക്കോബായ സഭയുടെ തലവൻ ശ്രേഷ്ഠ തോമസ് പ്രഥമൻ ബാവായുടെ ക്ഷണപ്രകാരമാണ് പാത്രിയർക്കീസ് ബാവാ എത്തിയത്. അദ്ദേഹം കേരള സർക്കാരിന്റെ അതിഥിയായിരുന്നു. പാത്രിയർക്കീസ് വിഭാഗത്തിന്റെ കൈവശമുള്ള ചില പ്രമുഖ പള്ളികൾ അദ്ദേഹം സന്ദർശിച്ചു. പലയിടത്തും വി. കുർബ്ബാന അർപ്പിച്ചു. പള്ളിക്കൂദാശ നടത്തി. യാക്കോബായ സുന്നഹദോസും വർക്കിംഗ് കമ്മിറ്റിയും മാനേജിംഗ് കമ്മിറ്റിയും ഒക്കെ വിളിച്ചുകൂട്ടുകയും അതിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. പ്രധാനന്ത്രിയുമായും രാഷ്ട്രപതിയുമായും മുഖ്യമന്ത്രിയുമായും മറ്റനേക പ്രമുഖ വ്യക്തികളുമായുള്ള കൂടിക്കാഴ്ചകളും പരിപാടിയിലുണ്ടായിരുന്നു. മാരാമൺ കൺവൻഷനിലും മറ്റു പല പൊതുപരിപാടികളിലും അദ്ദേഹം സംബന്ധിച്ചു.

ഇപ്രകാരമുള്ള അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സന്ദർശനത്തെ ഒരു തരത്തിൽ തീർത്തും അവഗണിച്ചുകൊണ്ട് മലങ്കരസഭയ്ക്ക് മുമ്പോട്ട് പോകാമായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ ഒരു വലിയ പരാജയമുണ്ടായി. മലങ്കരസഭയുടെ അവിഭാജ്യഘടകമായ ചില ഇടവകപള്ളികളിലും കോടതിവിധികളിലൂടെ മലങ്കരസഭയുടേതെന്ന് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതും, 1934-ലെ സഭാഭരണഘടന അനുസരിച്ച് ഭരിക്കപ്പെടേണ്ടതെന്ന് ഉറപ്പായി വിധിക്കപ്പെട്ടിട്ടുള്ളതുമായ പള്ളികളിലും പാത്രിയർക്കീസ് ആഘോഷത്തോടെ കയറുന്നത് നോക്കി നിൽക്കാനേ മലങ്കരസഭയ്ക്ക് സാധിച്ചുള്ളു.

ഇത് കഴിഞ്ഞ പത്തുനാൽപത് വർഷമായി മലങ്കരസഭയ്ക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന ദയനീയ പരാജയങ്ങളുടെ തുടർച്ചയാണ് എന്ന് പറയാതെ വയ്യ. കഴിഞ്ഞ പത്തുനാൽപത് വർഷത്തെ വളർച്ചയ്ക്കിടയിൽ മലങ്കരസഭയ്ക്ക് പലതും നഷ്ടപ്പെട്ടു. ആ നഷ്ടങ്ങളുടെ ഒരു പൂർണ്ണതയാണ് ഈ സന്ദർശനത്തിലൂടെ ഉണ്ടായത്. അന്ത്യോഖ്യാ പാത്രിയർക്കീസും മലങ്കരയിലെ കാതോലിക്കോസും തമ്മിലുള്ള ബന്ധം എങ്ങനെയായിരിക്കണമെന്ന് മലങ്കരസഭാ ഭരണഘടനയിലും സഭ അംഗീകരിച്ചിരിക്കുന്ന കാനോനുകളിലും നിർവ്വചിച്ചിട്ടുണ്ട്. സഭാഭരണഘടനയെയും കാനോൻ വ്യവസ്ഥകളെയും അവഗണിച്ചുകൊണ്ടുള്ളതായിരുന്നു പാത്രിയർക്കീസിന്റെ സന്ദർശനം.

"മലങ്കരസഭ അംഗീകരിച്ചിരിക്കുന്ന കാനോൻ ബാർ എബ്രായയാൽ എഴുതപ്പെട്ട ഹൂദായ കാനോൻ ആകുന്നു" എന്ന് മലങ്കര സഭാ ഭരണഘടനയുടെ 5-ാം വകുപ്പിൽ പറയുന്നു.

ഹൂദായ കാനോൻ ഏഴാം അദ്ധ്യായത്തിൽ എ.ഡി 825-ൽ കൂടിയ കപ്പർതൂത്താ സുന്നഹദോസ് തീരുമാനം ചേർത്തിട്ടുണ്ട്. സുന്നഹദോസിന്റെ രണ്ടാം നിശ്ചയം ഇങ്ങനെയാണ് "ക്ഷണിക്കപ്പെടുമ്പോഴല്ലാതെ തെഗ്രീസിലെ ഇടവകകളിൽ ഭരണരീത്യാ അന്ത്യോഖ്യാ പാത്രിയർക്കീസ് പ്രവേശിച്ചുകൂടാ. മഫ്രിയാനാ പാത്രിയർക്കീസിന്റെ ഇടവകകളിലും പ്രവേശിക്കരുത്". ഈ വ്യവസ്ഥയാണ് മലങ്കര അന്ത്യോഖ്യൻ ബന്ധം സംബന്ധിച്ചുള്ള ഒരു അടിസ്ഥാന പ്രമാണം.

വാസ്തവത്തിൽ മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ഈ കാനോൻ ലംഘനമാണ് പാത്രിയർക്കീസിന്റെ ഇപ്പോഴത്തെ സന്ദർശനം. ഇപ്പോഴത്തെ പാത്രിയർക്കീസ് ആയൂർവേദ ചികിത്സയ്ക്കായി മുമ്പ് പലതവണ കേരളത്തിൽ വന്നിട്ടുണ്ട്. രാഷ്ട്രീയ നേതാക്കന്മാരെ കാണാനോ, ഇതരസഭകൾ സന്ദർശിക്കാനോ, രാജ്യസന്ദർശനത്തിനോ അദ്ദേഹത്തിന്റെ ഭരണത്തിലുള്ള മഞ്ഞിനിക്കര ദയറായിലോ, മലേക്കുറിശ് ദയറായിലോ ഒക്കെ വരാൻ അദ്ദേഹത്തിനു സ്വാതന്ത്ര്യമുണ്ട്. അവകാശമുണ്ട്. എന്നാൽ മലങ്കരസഭയുടെ പള്ളികളിൽ കാതോലിക്കായുടെ അനുമതിയില്ലാതെ അദ്ദേഹം പ്രവേശിക്കുന്നത് ഭരണഘടനാലംഘനവും കാനോൻ ലംഘനവുമാണ്.

1982-ലും 2000-ലും പ.സഖാ പ്രഥമൻ ബാവാ മലങ്കര സന്ദർശിച്ചപ്പോൾ ഇപ്രകാരമുള്ള കാനോൻ ലംഘനമാണ് നടക്കുന്നതെന്ന് പറഞ്ഞ് മലങ്കരസഭാ മാനേജിംഗ് കമ്മിറ്റി കൂടി പ്രമേയം പാസ്സാക്കിയിരുന്നു. അന്ന് സഭാ വർക്കിംഗ് കമ്മിറ്റി അംഗമായിരുന്ന മനോരമ പത്രാധിപർ കെ.എം.മാത്യു ആയിരുന്നു മാനേജിംഗ് കമ്മിറ്റിയിൽ പ്രമേയം അവതരിപ്പിച്ചത്. സഭാകേസുകൾ സജീവമായി നിലനിന്നിരുന്ന ആ സമയത്ത് പാത്രിയർക്കാ സന്ദർശനത്തെ എതിർക്കേണ്ടത് കോടതികളിലെ കേസുകളുടെ വിജയകരമായ നടത്തിപ്പിന് ആവശ്യമാണെന്ന നിയമോപദേശവും ഉണ്ടായിരുന്നു.

കാതോലിക്കാ ക്ഷണിക്കുമ്പോഴേ അദ്ദേഹത്തിന്റെ അധികാരപരിധിയിൽ പ്രവേശിക്കാവൂ എന്ന പ്രതിസന്ധി മറികടക്കാൻ പാത്രിയർക്കീസന്മാർ സൃഷ്ടിച്ചിരിക്കുന്ന സ്ഥാനമാണ് ശ്രേഷ്ഠ ബാവാ എന്ന സാമന്ത കാതോലിക്കാ സ്ഥാനം. 1970-ൽ മാർത്തോമ്മാശ്ലീഹായുടെ പട്ടത്വം, സിംഹാസനം തുടങ്ങിയ കാര്യങ്ങളിൽ പ്രശ്നമുണ്ടായപ്പോൾ പാത്രിയർക്കീസ് പൗരസ്ത്യ കാതോലിക്കാ ആയിരുന്ന ഔഗേൻ ബാവായെ മുടക്കി സഭയിൽനിന്നും പുറത്താക്കി. അദ്ദേഹത്തിന്റെ സ്ഥാനത്ത് പൗലോസ് പീലക്സിനോസിനെ ശ്രേഷ്ഠ ബാവായായി വാഴിച്ചു. മലങ്കരയിലേക്ക് പാത്രിയർക്കീസ് വരണമെങ്കിൽ ശ്രേഷ്ഠ ബാവായുടെ അനുമതിയും ക്ഷണവും മതിയെന്നാക്കി. അങ്ങനെ കാനോനിക നിബന്ധനകളെ പാത്രിയർക്കീസന്മാർ അവർക്കു സൗകര്യമായ രീതിയിലാക്കിത്തീർത്തു. ഈ സന്ദർശനത്തിന്റെ പ്രാരംഭ ആലോചനകളിൽ ശ്രേഷ്ഠ ബാവായുടെ അനുമതി ഇല്ലാതെ പാത്രിയർക്കീസ് വരാൻ ശ്രമിച്ചതിനെ അദ്ദേഹം എതിർത്തു. ശ്രേഷ്ഠ ബാവായുടെ അദ്ധ്യക്ഷതയിൽ പ്രാദേശിക സുന്നഹദോസ് കൂടി തീരുമാനമെടുത്തു ക്ഷണിച്ചതിനു ശേഷം മാത്രമാണ് പാത്രിയർക്കീസ് വന്നത്.

(ശേഷം പേജ് 5-ൽ)

## ധ്യാനപീഠം

ഫാ.സോളമൻ ഒ.ഐ.സി.
കുന്നംകുളം

### ഉയിർപ്പ് ഞായറാഴ്ച

യേശുക്രിസ്തു ഒരു സാധാരണ മനുഷ്യനെപ്പോലെ കാണപ്പെട്ടു എങ്കിലും ഒരു സാധാരണ മനുഷ്യനല്ലായിരുന്നു എന്നതിന്റെ തെളിവാണ് മൂന്നാം ദിവസത്തെ ഉയിർപ്പ്. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനവും കേന്ദ്രബിന്ദുവും ക്രിസ്തുവിന്റെ ഉയിർപ്പാണ്. ഉയിർപ്പ് സംശയാതീതമായ സത്യമാകയാൽ ലോകവസാനത്തോളം സഭ ഈ ദൃശ്യലോകത്തിൽ കാണപ്പെടും.

**1. പ്രവചന പൂർത്തീകരണം**

യരുശലേമിൽ .................... കൊല്ലപ്പെടുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കയും വേണ്ടത് എന്ന് ശിഷ്യന്മാരോട് പ്രസ്താവിച്ച് തുടങ്ങി.(മത്താ 16:21, 17:22-23)

മറുരൂപമലയിലെ ദർശനം ഉയിർത്തെഴുന്നേൽക്കും വരെ ആരോടും പറയരുതെന്ന് ശിഷ്യന്മാരോട് കല്പിച്ചു.(മത്താ. 17:9)

ദൂതൻ സ്ത്രീകളോട്................താൻ പറഞ്ഞതു പോലെ ഉയിർത്തെഴുന്നേറ്റു. (മത്താ.28:5)

യോനായുടെ ചരിത്ര സൂചന (മത്താ.12:39-40)

ഇതാകുന്നു നിങ്ങളോടു കൂടെ ഇരിക്കുമ്പോൾ ഞാൻ പറഞ്ഞ വാക്ക്.................. എന്നെക്കുറിച്ച് എഴുതിയിരിക്കുന്നത് ഒക്കെയും നിവൃത്തിയാകേണം എന്നുള്ളതുതന്നെ.(ലൂക്കോ. 24:44)

**2. ശവശരീരമോഷണം കെട്ടിച്ചമച്ച കഥ.**

യേശുക്രിസ്തു മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുമെന്ന് മുൻകൂട്ടി പറഞ്ഞിരുന്ന വസ്തുതകൾ മഹാപുരോഹിതന്മാർക്കും പരീശന്മാർക്കും അറിയാമായിരുന്നു. കർത്താവ് ഉയിർത്തെഴുന്നേറ്റാൽ യഹൂദമതത്തിലെ പ്രമാണിമാർക്ക് ലഭിക്കുന്ന കനത്ത പ്രഹരമായിരിക്കും അതെന്ന് അവർ മനസ്സിലാക്കിയിരുന്നു.(മത്താ 27:62-64) ലോകചരിത്രത്തിൽ ശവശരീരത്തെ ഭയപ്പെടുന്നതായും, കല്ലറ ബലപ്പെടുത്തുന്നതായും, പട്ടാളത്തെ കാവൽ നിർത്തിയതായും വേറെ രേഖകളില്ല. പരാജയം സമ്മതിക്കാൻ മനസ്സില്ലാത്തവർ കള്ളസത്യം പ്രചരിപ്പിക്കാൻ പണം കൊടുത്ത് പ്രേരിപ്പിച്ചു. കാവൽ പട്ടാളക്കാർ മുഴുവൻ പേരും ഉറങ്ങിപ്പോയത് അത്യധികം കുറ്റകരമാണ്. കാവൽ നിന്ന പട്ടാളക്കാരേയോ മോഷണം നടത്തിയെന്നു പറയുന്ന ശിഷ്യന്മാരെയോ ആരും ചോദ്യം ചെയ്തില്ല. കൈക്കൂലി കൊടുത്ത യഹൂദ പ്രമാണിമാരുടെ സ്വാധീനമാണ് ഇവിടെ നിഴലിക്കുന്നത്. കാവൽ പട്ടാളക്കാരെല്ലാം ഉറങ്ങിയപ്പോൾ ശിഷ്യന്മാർ ശവശരീരം മോഷ്ടിച്ചു എന്നതിന് തെളിവ് കൊടുത്തതാര്? കണ്ട സാക്ഷികൾ ആര്?

അസത്യമാകുന്ന പാറമേലാണോ സഭ പണിയപ്പെട്ടത്? ശിഷ്യന്മാരുടെ മനസ്സാക്ഷിക്ക് നിരക്കാത്ത കാര്യമാണോ അവർ പ്രസംഗിച്ചത്?

ശവശരീരം പൊതിഞ്ഞ വസ്ത്രവും തലയിൽ ചുറ്റിയിരുന്ന റൂമാലും ഒഴിഞ്ഞ കല്ലറയിൽ തന്നെ കാണപ്പെട്ടത് ഉയിർപ്പിന്റെ വലിയ സാക്ഷ്യമാണ്. ശവശരീരം ചുറ്റിപ്പൊതിഞ്ഞ വസ്ത്രം കൂടാതെ ശിഷ്യന്മാർ ശരീരം മോഷ്ടിക്കുമെന്ന് ചിന്തിക്കാൻ തന്നെ പ്രയാസം.

സത്യത്തെ ദീർഘകാലം കുഴിച്ചു മൂടാൻ സാദ്ധ്യമല്ല. സത്യത്തെ തോല്പ്പിക്കാൻ അസത്യം ശക്തമല്ല.

**3. ജീവനുള്ളവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതെന്ത്?(ലൂക്കോ. 24:5)**

മനുഷ്യാവതാര കാലത്ത് മരണമുള്ള ശരീരമാണ് യേശുവിന് ലഭിച്ചത്. ലോകാരംഭം മുതൽ മരിച്ചവരുടെ കൂട്ടത്തിലെ ഒരു വ്യക്തിയല്ല യേശു. അവനിൽ ജീവനുണ്ടായിരുന്നു (യോഹ. 1:4) ജീവനുള്ളവന് മരിച്ചവനേപ്പോലെ നിലകൊള്ളാൻ സാദ്ധ്യമല്ല. ഞാൻപുനരുത്ഥാനവും ജീവനും ആകുന്നു . ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനുമാകുന്നു. ഞാൻ മരിച്ചവനായിരുന്നു. എന്നാൽ ഇതാ എന്നേക്കും ജീവിച്ചിരിക്കുന്നു (വെളി. 1:18)

വചന ശക്തിയാൽ യേശു മരിച്ചവരെ ഉയർപ്പിച്ചു. മരിച്ചവരെ ഉയിർപ്പിക്കുന്നവനെ മരണത്തിന് അടിമപ്പെടുത്തുവാൻ സാദ്ധ്യമല്ല. മരിച്ചവരെ ഉയർപ്പിക്കുന്നവൻ സ്വയം ഉയിർത്തെഴുന്നേൽക്കാൻ ശക്തനാണ്. സ്വന്ത ഇഷ്ടപ്രകാരം ജീവനെ കൊടുത്തു. അത് വീണ്ടും പ്രാപിപ്പാനും അധികാരം ഉണ്ട്.(യോഹ. 10:17-18) ആത്മാവ് ശരീരത്തിൽ നിന്നും വേർപ്പെട്ടു എങ്കിലും ദൈവത്വം ശരീരത്തിൽ നിന്നോ ആത്മാവിൽ നിന്നോ വേർപ്പെട്ടില്ല. മരണമില്ലാത്ത ദൈവത്വത്തെ കല്ലറയ്ക്കുള്ളിൽ തടഞ്ഞു വെക്കാൻ ആർക്കും സാദ്ധ്യമല്ല.

**4. ആരുടേയും കൈകളിൽ ഒതുങ്ങാത്ത ദൈവം.**

കന്യക മറിയാമിന്റെ ഉദരത്തിൽ ഒൻപതുമാസം ഒതുങ്ങി വസിച്ചു. മൂന്നാണികളാൽ ക്രൂശിന്മേൽ ഒതുക്കി ബന്ധിച്ചു. അരിമത്യക്കാരൻ യോസേഫിന്റെ കല്ലറയിൽ ഒതുക്കി വച്ചു. ഉയിർത്തെഴുന്നേറ്റ കർത്താവിനെ ഒതുക്കുവാൻ പ്രപഞ്ചത്തിൽ ഒരു ശക്തിക്കും ഇനിയും സാദ്ധ്യമല്ല. കല്ലറയുടെ വാതിൽക്കൽ ഉരുട്ടിവച്ച വലിയ കല്ലിനോ, കല്ലറയിൽ പതിപ്പിച്ച മുദ്രയ്ക്കോ, ശക്തമായ പട്ടാളകാവലിനോ, അടച്ചിട്ട മുറിക്കോ ഉത്ഥാനം ചെയ്ത കർത്താവിനെ പ്രതിരോധിക്കാൻ സാദ്ധ്യമല്ല.

തിന്മയുടെ ശക്തി താല്ക്കാലിക വിജയം ആഘോഷിക്കും. ദൈവം നന്മയുടെ പൂർണ്ണതയാണ്. നന്മ ശാശ്വതമായി പ്രകാശിച്ച് നിൽക്കും.

### പുതുഞായറാഴ്ച

ഉയിർത്തെഴുന്നേറ്റ കർത്താവിനെ കുറിച്ചുള്ള ശിഷ്യന്മാരുടെ ചിന്തകളും കാഴ്ചപ്പാടും അപൂർണ്ണവും വികലവുമായിരുന്നു. ശിഷ്യന്മാരെ ധൈര്യപ്പെടുത്തുന്നതിനും സ്ഥിരപ്പെടുത്തുന്നതിനും നാല്പത് ദിവസം കർത്താവ് അവർക്ക് ദർശനം നൽകി. - ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ അവരെ പഠിപ്പിച്ചു. പ്രത്യക്ഷതകളാലും ദൃഷ്ടാന്തങ്ങളാലും താൻ ജീവിച്ചിരിക്കുന്നു എന്ന് അവരെ ബോദ്ധ്യമാക്കി.

**1. ഭയപ്പെട്ട് വാതിലുകൾ അടച്ചു. കർത്താവിനെ കണ്ട് ശിഷ്യന്മാർ സന്തോഷിച്ചു.**

സ്വന്തം ജീവൻ അപകടത്തിലാകുമോയെന്ന ഭയം. ഗുരുവിനെ ക്രൂശിച്ചവരുടെ സാന്നിദ്ധ്യവും സാമീപ്യവും ഭയം വർദ്ധിപ്പിക്കുന്നു. ആടുകൾക്കുവേണ്ടി ജീവനെ ബലികഴിക്കാൻ സന്നദ്ധനായിരുന്ന ഇടയന്റെ അസാന്നിദ്ധ്യം ശിഷ്യന്മാരുടെ ജീവനും ഭീഷിണി ഉയർത്തുന്നു. മനസ്സ് നിറയെ കൂരിരുൾ താഴ്വര തുല്യം ഭയം, നിരാശ, ഇച്ഛാഭംഗം. മുരടിപ്പും തളർച്ചയും ബാധിച്ച മനസ്സോടുകൂടിയ വ്യക്തി ജീവിതങ്ങൾ. ഭയവും പരിഭ്രമവും ആകുലചിന്തകളും അകറ്റുവാൻ വാതിലുകൾ അടച്ചിരിക്കെ മുറിയിൽ യേശുവിന്റെ ദർശനം. സമാധാനവും സന്തോഷവും നൽകുന്ന കർത്താവിന്റെ സാന്നിദ്ധ്യം അനുഭവിച്ചറിഞ്ഞ ശിഷ്യന്മാർ. കർത്താവിന്റെ ക്രൂശ്മരണത്തോടുകൂടി ശിഷ്യന്മാരുടെ പ്രതീക്ഷകളുടേയും

## ഉയിർപ്പ് ഞായറാഴ്ച

സ്പനങ്ങളുടേയും എല്ലാ വാതിലുകളും അടഞ്ഞു കാണും. പ്രതീക്ഷകൾ അസ്തമിച്ച ശിഷ്യന്മാർ പ്രതീക്ഷിക്കാത്ത സമയത്താകാം യേശു പ്രത്യക്ഷത നൽകിയത്. ഗുരുവിനോടുള്ള സ്നേഹത്തിലും ഭക്തിയിലും വിശ്വാസത്തിലും സ്ഥിരപ്പെട്ടു നിൽക്കാനായി മുറിപ്പാടുകളുടെ ദർശനവും നൽകി.

**2. തോമ്മാശ്ലീഹാ കള്ളസാക്ഷിയല്ല.**

കള്ളസാക്ഷ്യം പറയരുത് എന്നത് പത്ത് കൽപനകളിൽ ഒന്നാണ്. കണ്ണുകൊണ്ട് കണ്ടകാര്യം വിവരിക്കുമ്പോൾ മനസ്സാക്ഷിക്ക് നല്ലതെളിവ് കാണും.(1യോഹ. 1:1-2) കാണാത്തകാര്യം കണ്ട രീതിയിൽ സാക്ഷ്യം പറയുമ്പോൾ കള്ളൻ കള്ളൻ എന്ന് മനസ്സാക്ഷി മന്ത്രിക്കും. കള്ളസാക്ഷിയാകരുതെന്ന ഗൗരവം ആയിരിക്കാം തോമ്മാശ്ലീഹായുടെ ശാഠ്യവും നിർബന്ധബുദ്ധിയും. യേശുക്രസ്തുവിന്റെ മനസ്സിൽ ഈ ശിഷ്യന് ഒരു കുറവും ഇല്ല. ശിഷ്യന്റെ ആഗ്രഹം അനുസരിച്ച് പ്രത്യക്ഷത നൽകുവാൻ വിളിച്ചവൻ വിശ്വസ്തൻ. ശിഷ്യന്മാരുടെ കൂട്ടത്തിൽ കാണാതെ വിശ്വസിച്ചവർ ആരും ഇല്ല. യേശുവിന്റെ ഉത്തമശിഷ്യനാകാൻ തോമാസ് വാശിപിടിച്ചു. തോമ്മാശ്ലീഹായുമായുള്ള ബന്ധം നല്ല രീതിയിൽ നിലനിർത്താൻ യേശുവും ആഗ്രഹിച്ച് പ്രത്യക്ഷപ്പെടുന്നു.

**3. ദർശന ഭാഗ്യവും സ്പർശന ഭാഗ്യവും**

മായാരൂപ കാഴ്ചകളിൽ പായാതെന്നെ രക്ഷിക്ക മുറിവേറ്റ വിലാപ്പുറവും കൈകളിലെ ആണിപ്പാടും ക്രൂശിന്മേൽ മരിച്ച ക്രിസ്തുവിന് ലഭിച്ച നിത്യമുദ്രകളാണ്.

കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റ് കഴിയുമെങ്കിൽ വൃതന്മാരേയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും (മത്താ. 24:24) സംശയരോഗം പല കുടുംബന്ധങ്ങളും തകർത്തിട്ടുണ്ട്. തോമ്മാശ്ലീഹായുടെ സംശയ നിവാരണത്തിനും വലിയ പ്രാധാന്യം ഉണ്ട്. ശിഷ്യന്റെ ആഴമായ സ്നേഹവും പരിപൂർണ്ണമായ സമർപ്പണവും മനസ്സിലാക്കിയ കർത്താവാണ് ദർശനഭാഗ്യവും സ്പർശനഭാഗ്യവും നൽകുന്നത്. മറ്റ് പത്ത് ശിഷ്യന്മാർക്കും ദർശനഭാഗ്യം മാത്രമേ ലഭിച്ചുള്ളു. തോമ്മാശ്ലീഹാ ഉയിർത്തെഴുന്നേറ്റ കർത്താവിനെ കാണുകയും വിശ്വസിക്കുകയും എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന വലിയ സാക്ഷ്യം നൽകുകയും ചെയ്തു. കണ്ണുകൊണ്ടു കണ്ടു. കൈകൾകൊണ്ട് സ്പർശിച്ചു. ഹൃദയം കൊണ്ട് അംഗീകരിച്ചു. നാഥന്റെ മുറിവുകളെ സ്പർശിച്ച സ്നേഹവും വിശ്വാസവുമായാണ് ശ്ലീഹാ ഭാരതത്തിൽ എത്തിയത്.

**4. യേശുക്രിസ്തുവിന്റെ മുറിപ്പാടുകൾ**

മനുഷ്യരോടുള്ള അഗാധമായ സ്നേഹത്താൽ ഏൽക്കേണ്ടി വന്ന മുറിപ്പാടുകൾ.

നിന്റെ കൈയ്യിൽ കാണുന്ന മുറിവുകൾ എന്ത് എന്ന് ചോദിക്കുന്നതിന് അവൻ: എന്നെ സ്നേഹിക്കുന്നവരുടെ വീട്ടിൽ വച്ച് ഞാൻ അടികൊണ്ടതാകുന്നു എന്ന് ഉത്തരം പറയും .(സഖ. 13:6) നീ ഏറ്റ പാടുകൾ എവിടെ എന്ന ചോദ്യത്തിന് ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ മുമ്പാകെ നാം ഉത്തരം പറയേണ്ടി വരും. ദൈവസ്നേഹത്താലും സഹോദരസ്നേഹത്താലും ഏൽക്കേണ്ടി വന്ന മുറിപ്പാടുകൾ എവിടെ? അന്യായവും അതിക്രമവും മൂലം ഏറ്റപാടുകൾക്ക് നീ തന്നെ സമാധാനം പറയേണ്ടി വരും. പ.പരുമല തിരുമേനിയും പാമ്പാടി തിരുമേനിയും പ്രാർത്ഥനയും ഉപവാസവും കണ്ണുനീരും മൂലം നേടിയെടുത്ത മുറിപ്പാടുകൾക്ക് ദൈവം പ്രതിഫലം നൽകുകയില്ലേ? കുഷ്ഠരോഗികളെ ശുശ്രൂഷിച്ച് കുഷ്ഠരോഗ ബാധയാൽ മരണമടഞ്ഞ ഫാ.ഡാമിയന്റെ മുറിപ്പാടുകൾ ദൈവം അംഗീകരിക്കില്ലേ? മദർ തെരേസാ അനാഥരേയും ക്ലേശിതരേയും സ്നേഹിച്ചു, ശുശ്രൂഷിച്ചു. ഈ എളിയവരിൽ ഒരുവനുവേണ്ടി സഹിച്ച ത്യാഗത്തിനും നൽകിയ സ്നേഹത്തിനും ഏൽക്കേണ്ടി വന്ന മുറിപ്പാടുകൾ ദൈവമുമ്പാകെ സ്വീകാര്യമാണ്.

## ചരിത്ര രേഖകൾ തന്നു സഹായിക്കുക

**OSSAE യുടെ ചരിത്ര രചനയ്ക്കായി ചില പഴയ പ്രസിദ്ധീകരണങ്ങളുടെയും രേഖകളുടെയും കോപ്പികൾ ആവശ്യമുണ്ട്. OSSAE യുടെ ഔദ്യോഗിക പ്രസിദ്ധീകരണം എന്ന നിലയിൽ ബഹു. കണിയാമ്പറമ്പിലച്ചൻ ചീഫ് എഡിറ്ററായി 1972-ൽ ആരംഭിച്ച് രണ്ടു മൂന്നു വർഷത്തിനകം നിന്നുപോയ "ദ് സൺഡേസ്കൂൾ" (THE SUNDAY SCHOOL) എന്ന ത്രൈമാസികയുടെ ലക്കങ്ങൾ കൈവശമുള്ളവർ അറിയിക്കുക. മലങ്കരസഭ യോജിച്ചു നിന്ന ഈ കാലഘട്ടത്തിൽ ഹെഡ്മാസ്റ്റർ, ഇൻസ്പെക്ടർ, ഡയറക്ടർ, ഡിസ്ട്രിക്ട് - ഭദ്രാസന പ്രതിനിധി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിരുന്നവരുടെ കൈവശം ഈ പ്രസിദ്ധീകരണം കാണാനിടയുണ്ട്. സൺഡേസ്ക്കൂൾ സമാജം, MSSA എന്നിവയുടെയും OSSAE യുടെ പ്രാരംഭകാലത്തെയും ഭരണഘടനകൾ, പാഠപുസ്തകങ്ങൾ, കേന്ദ്രവാർഷിക റിപ്പോർട്ടുകൾ, സർക്കുലറുകൾ തുടങ്ങിയവയുടെ കോപ്പികളും കൈവശമുള്ള സൺഡേസ്കൂളുകളും വ്യക്തികളും വിവരമറിയിക്കുമല്ലോ. ഫോട്ടോകോപ്പികൾ അയച്ചുതന്നാലും മതിയാകും. ചരിത്രരേഖകൾ പരമാവധി ക്രോഡീകരിച്ചാൽ വരും തലമുറയ്ക്കു അതു പ്രയോജനപ്പെടുമല്ലോ. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.**

ഫാ.ഡോ.ഒ.തോമസ്
(ഡയറക്ടർ ജനറൽ)
0481-2572890

# കൈക്കുഞ്ഞുമായി ബസ്സിൽ യാത്ര ചെയ്യുന്ന അമ്മമാരുടെ പ്രാർത്ഥന ഇനി ഈ വൈദികന് സ്വന്തം

പത്തനംതിട്ട : ബസ്സിൽ കൈക്കുഞ്ഞിനൊപ്പം യാത്ര ചെയ്യുന്ന അമ്മമാരുടെ പ്രാർത്ഥനകൾ ഈ വൈദികനൊപ്പം ഉണ്ടാവും എന്നും.

സംസ്ഥാനത്തെ ബസ്സുകളിൽ



അമ്മയ്ക്കും കുഞ്ഞിനും രണ്ട് സീറ്റുകൾ സംവരണം ചെയ്തുകൊണ്ടുള്ള സർക്കാർ തീരുമാനം വരുമ്പോൾ അതിനു പിന്നിൽ പ്രവർത്തിച്ച പത്തനംതിട്ട കുമ്പഴ കല്ലിച്ചേത്ത് വീണ്ടിൽ ഫാ.ജേക്കബിന് ഇത് ധന്യനിമിഷം. ഒരുവർഷമായി അദ്ദേഹം ഇതിനു വേണ്ടി പരിശ്രമിക്കുന്നു. അന്താരാഷ്ട്ര വനിതാദിനം ആചരിക്കുന്ന ഞായറാഴ്ചയ്ക്ക് നാളുകൾക്കു മുമ്പാണ് ഇതിനുള്ള ഉത്തരവെത്തിയതെന്നത് ഇരട്ടി സന്തോഷം നൽകുന്നു.

അമ്മയും കുഞ്ഞും സമൂഹത്തിന്റെ ആദരവും പരിഗണനയും അർഹിക്കുന്നവരാണ്. യാത്ര ചെയ്യുമ്പോൾ ഉചിതമായ ഇരിപ്പിടം അവർക്കുറപ്പാക്കുക എന്നത് സംസ്കൃത സമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്ന് ഫാദർ പറയുന്നു.

തന്റെ മുന്നിൽ കണ്ട അനുഭവങ്ങളാണ് അദ്ദേഹത്തിന്റെ നിയമപോരാട്ടത്തിനു പിന്നിൽ. തിരുവനന്തപുരത്തുനിന്ന് പത്തനംതിട്ട വരെ ഒരിക്കൽ കെ.എസ്.ആർ.ടി.സി. ബസ്സിൽ യാത്ര ചെയ്തപ്പോൾ കണ്ട കാഴ്ചയാണ് ഏറെ വേദനിപ്പിച്ചത്. ഒരു അമ്മയും മകളും അവരുടെ രണ്ട് കൊച്ചുകുട്ടികളും ബാഗുകളുമായി കയറി. നല്ല തിരക്കുള്ള ദിനം. ആരും സീറ്റൊഴിഞ്ഞ് നൽകിയില്ല. മുതിർന്ന സ്ത്രീ വേദനയോടെ സീറ്റ് ചോദിച്ചു. ആരും നൽകിയില്ല. ഫാദർ പിന്നിൽനിന്നെത്തി അവരെ വിളിച്ച് തന്റെ സീറ്റ് ഒഴിഞ്ഞുനൽകി.

അധികം വൈകാതെ മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി.കോശിക്കു മുന്നിൽ ഫാദർ നിവേദനവുമായെത്തി. 2014 ജൂൺ 21ന് അമ്മയ്ക്കും കുഞ്ഞിനും സീറ്റ് അനുവദിച്ച് അദ്ദേഹം ഉത്തരവിട്ടു. ഈ ഉത്തരവ് ട്രാൻസ്പോർട്ട് വകുപ്പിൽനിന്ന് ഉത്തരവായി കിട്ടാനായി പിന്നെ ശ്രമം. അതിനുള്ള ഘട്ടങ്ങൾ പിന്നിട്ട് ഇപ്പോൾ ഉത്തരവ് വന്നു. സംസ്ഥാന വനിതാ കമ്മീഷനും ചെയർപേഴ്സൺ കെ.സി.റോസക്കുട്ടിയും ഇതിന് പിന്തുണ നൽകി.

അന്ത്യാളൻകാവ് പള്ളിയിലെ വികാരിയായ ഫാ.ജേക്കബ് കുമ്പഴയിലെ കുടുംബ വീട്ടിൽ ഭാര്യ ബിൻസിക്കും അമ്മയ്ക്കും രണ്ടു മക്കൾക്കുമൊപ്പം താമസിക്കുന്നു. തുറന്നുകിടക്കുന്ന കുഴൽക്കിണറുകൾക്കെതിരെയുള്ള പോരാട്ടത്തിലാണ് ഇപ്പോൾ ഈ വൈദികൻ.

# ജനാധിപത്യമൂല്യങ്ങളുടെ മഹത്തായ സവിശേഷതകളുമായി ഇന്ത്യയിലെത്തിയ അപ്പോസ്തോലൻ

പി.എം.മാത്യു കറ്റാനം

ജനാധിപത്യ മൂല്യങ്ങളുടെ മഹത്തായ സവിശേഷതകളുമായി റിപ്പബ്ലിക്ക് ദിനത്തിൽ ഇന്ത്യയിലെത്തിയ അപ്പോസ്തോലനായിരുന്നു അമേരിക്കൻ പ്രസിഡന്റ് ബറാക്ക് ഒബാമ. മതേതരത്വത്തിൽ വിശ്വാസമുള്ള ഭൂരിപക്ഷം ഇന്ത്യൻ ജനതയുടെ മനസ്സു വായിച്ചുകൊണ്ടും മതത്തിന്റെ പേരിൽ ഇന്ത്യയിൽ ഉണ്ടാകാവുന്ന ദൂരവ്യാപകമായ അന്തഛിദ്രങ്ങളെപ്പറ്റി മുൻകൂട്ടി കണ്ടുകൊണ്ടുമാണ് മതസ്വാതന്ത്ര്യവും സമത്വവും എന്ന വിഷയത്തെ ആസ്പദമാക്കി ഡൽഹി സിരിഫോർട്ട് ഓഡിറ്റോറിയത്തിൽ രണ്ടായിരത്തോളം വരുന്ന സദസ്സിനെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ഒബാമയുടെ ടൗൺഹാൾ പ്രസംഗം. പ്രസ്തുത പ്രസംഗത്തിന് ഒബാമയ്ക്ക് ഇന്ത്യൻ ജനതയുടെ മാത്രമല്ല, ലോകരാഷ്ട്രങ്ങളുടെയും കയ്യടി കിട്ടി.

ഈ സുവർണ്ണദിനം ഇന്ത്യയുടെ ഒരു ചരിത്രമുഹൂർത്തം കൂടിയായിരുന്നു. ഒരു രാജ്യത്തിന്റെ വികസനത്തിനും നിലനിൽപ്പിനും ആ രാജ്യത്തിലെ ജനങ്ങളുടെ മതപരമായ വിശ്വാസവും സ്വാതന്ത്ര്യവും സംരക്ഷിക്കേണ്ടത് ആ രാജ്യത്തിന്റെയും വ്യക്തികളുടെയും ഉത്തരവാദിത്വമാണെന്ന് മോദി സർക്കാരിനുള്ള ഒരു മുന്നറിയിപ്പായി ഒബാമ ഓർമ്മിപ്പിക്കുകയുണ്ടായി. ഈ വിഷയത്തെ ചൂണ്ടിക്കാണിച്ച് ഇന്ത്യൻ ഭരണഘടനയുടെ 25-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന കാര്യം ഒബാമ പ്രത്യേകം എടുത്തുപറയുകയും ചെയ്തു.

ഒബാമയ്ക്ക് ഇന്ത്യയോടും ഇവിടുത്തെ ജനങ്ങളോടും വളരെ പ്രിയമാണ്. ഇന്ത്യ അമേരിക്കയുടെ ഒരു സുഹൃത്ത് രാജ്യമായിട്ടാണ് ഒബാമ കാണുന്നത്. മഹാത്മാഗാന്ധിയോട് അദ്ദേഹത്തിന് വളരെയധികം ഇഷ്ടവും ആദരവുമാണ്. ഒബാമ ദമ്പതികൾ ആദ്യം ഇന്ത്യയിൽ വന്നപ്പോൾ രാജ്ഘട്ട് സന്ദർശിക്കുകയുണ്ടായി. അവിടുത്തെ സന്ദർശന പുസ്തകത്തിൽ അദ്ദേഹം ഇപ്രകാരം എഴുതിയിരുന്നു. മഹാത്മാഗാന്ധിയുടെ ദർശനങ്ങൾ ഇന്നും ലോകത്തെ വെളിച്ചത്തിന്റെ പാതയിലേക്ക് നടത്തുന്നു. മഹാത്മാഗാന്ധി എന്നെ കൂടുതൽ സ്വാധീനിച്ച വ്യക്തികൂടിയായിരുന്നു. തന്റെ പൂർവ്വ പിതാക്കന്മാരെ ഓർത്തുകൊണ്ട് ജനാധിപത്യത്തിന്റെ മഹത്വത്തെ തിരിച്ചറിഞ്ഞ് ഒബാമ പറഞ്ഞു ഞാൻ പാചകക്കാരന്റെ ചെറുമകനാണെങ്കിലും അമേരിക്കൻ പ്രസിഡന്റാകാൻ കഴിഞ്ഞു. ഒരു ചായക്കടക്കാരൻ ഇന്ത്യൻ പ്രധാനമന്ത്രിയാകാൻ കഴിഞ്ഞതും ജനാധിപത്യമൂല്യങ്ങളിൽ ജനങ്ങൾക്കുള്ള വിശ്വാസമായിരുന്നു. ഒബാമയുടെ പ്രസംഗത്തിൽ കേരളത്തിന്റെ കായൽ സൗന്ദര്യത്തെ പ്രകീർത്തിച്ചു പറയുകയുണ്ടായി. ഇത് കേരളത്തിലേക്ക് വിദേശ ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കാനുള്ള വാതിൽ തുറക്കുകയായിരുന്നു. സ്ത്രീകളെപ്പറ്റി പറയാനും ഒബാമ മറന്നില്ല. സ്ത്രീകൾ രാജ്യത്തിന്റെ സമ്പത്താണെന്നും സ്ത്രീകളുടെ വിജയം രാജ്യത്തിന്റെ വിജയമാണെന്നും രാഷ്ട്രനിർമ്മാണ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്ക് വളരെ വലുതാണെന്നും ഇന്ത്യയിലെ സ്ത്രീകൾ അത് തെളിയിച്ചിട്ടുണ്ടെന്നും ഒബാമ തന്റെ പ്രസംഗത്തോട് കൂട്ടിച്ചേർത്ത് പറയുകയുണ്ടായി.

തന്റെ പിൻഗാമികളുടെ പാതകളെ പിന്തുടർന്നുകൊണ്ടും ജനാധിപത്യ മൂല്യങ്ങളെ മനസ്സിലാക്കുകയും മാനിക്കുകയും ചെയ്യുന്ന ഒബാമ തന്റെ പ്രസംഗത്തിന്റെ അവസാനം ഇങ്ങനെ പറഞ്ഞുനിർത്തി. ഏതൊരാൾക്കും തന്റെ വിശ്വാസത്തിന്റേതായ സ്വാതന്ത്ര്യമുണ്ട്. ഭയരഹിതമായി ആ വിശ്വാസം കാത്തുസൂക്ഷിക്കാനും അനുഷ്ഠിക്കാനുമുള്ള സ്വാതന്ത്ര്യം ഇന്ത്യയ്ക്ക് സുപ്രധാനമാണ്.

# നിലയ്ക്കൽ ഭദ്രാസന വൈദിക ധ്യാനയോഗം നടന്നു

റാന്നി : നിലയ്ക്കൽ ഭദ്രാസന വൈദിക ധ്യാനയോഗം മാർച്ച് 4ന് അയിരൂർ മതാപ്പാറ സെന്റ് മേരീസ് വലിയപള്ളിയിൽ നടന്നു. ഡോ.ജോഷാ മാർ നിക്കോദിമോസ് അദ്ധ്യക്ഷത വഹിച്ചു. ഭദ്രാസന സെക്രട്ടറി ഫാ.ഷൈജു കുര്യൻ, വൈദികസംഘം സെക്രട്ടറി വെരി.റവ.ജേക്കബ് ജോൺസ് കോർഎപ്പിസ്കോപ്പാ, ജോ.സെക്രട്ടറി ഫാ.കെ.എ.ചെറിയാൻ എന്നിവർ പ്രസംഗിച്ചു. ഉള്ളന്നൂർ സെന്റ് മേരീസ് വലിയപള്ളി വികാരി ഫാ.ഡോ.നൈനാൻ വി.ജോർജ് ധ്യാനം നയിച്ചു.




എ.എ.പബ്ലിക്കേഷൻസ് കൊട്ടാരക്കരയിൽ നടത്തിയ പുസ്തകോത്സവം ഫാ.സി.ഡി.തോമസ് വടകോട് ഉദ്ഘാടനം ചെയ്യുന്നു

# ഗിവ് സൈറ്റ് പ്രോജക്റ്റ് വഴി ഒരന്ധന് കാഴ്ച നൽകുക

**എം.ഒ.എസ്.സി. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, പി.ഒ. കാര്യമ്പാടി, വയനാട്, കേരള-673 591, ഫോൺ : 04936-247274, 248034, 9446733201**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആഭിമുഖ്യത്തിൽ 1986 ജനുവരി 17ന് ആണ് കാര്യമ്പാടി കണ്ണാശുപത്രി ആരംഭിച്ചത്. മിഷന്റെ ഭരണഘടന അനുസരിച്ച് പ.ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമാണ്. കൂടാതെ പ.ബാവാ തിരുമനസ്സിലെയും, മലങ്കരസഭാ മാനേജിംഗ് കമ്മിറ്റിയുടെയും, ഭദ്രാസന കൗൺസിലിന്റെയും നോമിനികളും, വൈദികട്രസ്റ്റി, അത്മായട്രസ്റ്റി, സഭാസെക്രട്ടറി എന്നിവരെല്ലാം ഉൾപ്പെടുന്ന 55 അംഗങ്ങളുള്ള ഗവേണിംഗ് ബോർഡിന്റെ നിയന്ത്രണത്തിലുമാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്.

ആദിവാസികൾ ഏറെയുള്ളതും തികച്ചും അവികസിതവും ചികിത്സാസൗകര്യങ്ങൾ നന്നേ കുറവുള്ളതുമായ ജില്ലയാണ് വയനാട്. കണ്ണാശുപത്രിയുടെ ഇതേവരെയുള്ള പ്രവർത്തന മികവ് കാരണം സമീപജില്ലകളിൽനിന്നും ചികിത്സ തേടി രോഗികൾ ധാരാളമായി വന്നുതുടങ്ങിയിട്ടുണ്ട്. യാതൊരു ചികിത്സയും തേടുവാൻ മാർഗ്ഗമില്ലാതെ കഴിഞ്ഞുകൂടിയിരുന്ന ആയിരക്കണക്കിന് അന്ധരെ സൗജന്യ ശസ്ത്രക്രിയവഴി വെളിച്ചത്തിലേക്കും ജീവിതത്തിന്റെ മുഖ്യധാരയിലേക്കും നയിക്കുവാൻ കാര്യമ്പാടി കണ്ണാശുപത്രിയിലെ പ്രഗത്ഭരായ ഡോക്ടർമാർക്ക് സാധിച്ചിട്ടുണ്ട്. 2013 മാർച്ച് 31 വരെ ഒരുകോടി എൻപത്തിയാറുലക്ഷത്തി എൺപത്തയ്യായിരത്തി ഇരുപത്തിയെട്ടു രൂപയുടെ (18685028.40) സൗജന്യ ചികിത്സ നൽകുവാൻ ദൈവകൃപയാൽ കഴിഞ്ഞു. ഗിവ്സൈറ്റ് പ്രോജക്റ്റിലേക്ക് ഉദാരമതികളായ സഹോദരങ്ങൾ നൽകിയ വിലപ്പെട്ട സംഭാവനകളാണ് ഈ കാര്യത്തിൽ ഞങ്ങൾക്ക് ശക്തി പകർന്നത്. സഹായിച്ച എല്ലാവരോടും ഹൃദയപൂർവ്വം നന്ദി പറയുന്നു.

ഇൻട്രാ ഒക്കുലർ ലെൻസ് ആധുനീക താക്കോൽദ്വാര ശസ്ത്രക്രിയവഴി കണ്ണിനുള്ളിൽ വെച്ച് കാഴ്ച നൽകുന്ന ചികിത്സാരീതി ഏറെ ചെലവുള്ളതാണ്. അതുകൊണ്ട് സാധാരണക്കാരായ പാവപ്പെട്ടവർ നിത്യ അന്ധതയിലും പട്ടിണിയിലും കഴിഞ്ഞുകൂടേണ്ടിവരുന്നു. ഇവരെ സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കാര്യമ്പാടി കണ്ണാശുപത്രിയിൽ ഗിവ്സൈറ്റ് പദ്ധതി ആരംഭിച്ചത്. ഈ പദ്ധതി അനേകർക്ക് പ്രയോജനകരമാക്കുവാൻ സാധിച്ചതിൽ ഏറെ ചാരിതാർത്ഥ്യമുണ്ട്.

പാവപ്പെട്ട ഒരന്ധനെങ്കിലും കാഴ്ച കൊടുക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു ശസ്ത്രക്രിയക്ക് 2000 രൂപ എന്ന നിരക്കിൽ ഗിവ്സൈറ്റ് പ്രോജക്റ്റിലേക്ക് നിങ്ങളുടെ സംഭാവന അയച്ചുതരുക. എത്രപേരെ വേണമെങ്കിലും ഇപ്രകാരം സ്പോൺസർ ചെയ്യാവുന്നതാണ്. ശസ്ത്രക്രിയക്ക് അധികം വരുന്ന ചെലവുകൾ ആശുപത്രി കണ്ടെത്തുന്നതുമാണ്. ശസ്ത്രക്രിയവഴി കാഴ്ച ലഭിച്ചവരുടെ പൂർണ്ണ വിവരങ്ങൾ യഥാസമയം നിങ്ങളെ കത്ത് മൂലം അറിയിക്കുന്നതുമാണ്.

നിങ്ങളുടെ ജീവിതത്തിലെ ഏതെങ്കിലും പ്രധാനപ്പെട്ട വിശേഷ ദിവസത്തിന്റെ സ്മരണക്കായിട്ടോ നന്ദി സൂചകമായിട്ടോ ഒരന്ധനെയെങ്കിലും കാഴ്ചയിലേക്ക് നയിക്കുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കുചെയ്തു എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു എന്ന് കല്പിച്ച് അരുളിച്ചെയ്ത യേശുക്രിസ്തുവിന്റെ വചനം നമ്മുടെ ജീവിതത്തിലും അനുഗ്രഹമായിത്തീരട്ടെ.

നിങ്ങളുടെ സംഭാവനകൾ ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ SB A/C 0827101010768 നമ്പറിലേക്ക് ബാങ്ക് മുഖേന നേരിട്ടോ തരാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേന അയക്കുന്നവർ ടെലഫോൺ മുഖേനയോ കത്തയച്ചോ വിവരം അറിയിച്ചാൽ രസീത് വേഗത്തിൽ അയച്ചുതരുവാൻ സാധിക്കുമായിരുന്നു. NRI അക്കൗണ്ടിൽനിന്ന് പണം അയക്കുന്നവർ ആശുപത്രിയുടെ FCRA അക്കൗണ്ട് 0827101010684 നമ്പറിലേക്ക് അയക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം

ചെക്കിലും ഡി.ഡി.യിലും Treasurer, Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് എഴുതി ക്രോസ് ചെയ്ത് അയക്കാൻ ശ്രമിക്കുമല്ലോ.

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ, സെക്രട്ടറി, ഗവേണിംഗ് ബോർഡ്**

# ശ്രേഷ്ഠ ബാവായ്ക്കും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കും പ്രശംസയും അനുഗ്രഹ വർഷവുമായി പ.പാത്രിയർക്കീസിന്റെ കല്പന

## വിഭജിച്ചു പിരിഞ്ഞുകൊണ്ടുള്ള സഭാസമാധാനത്തിനു ആഹ്വാനം

ദൈവകൃപയാൽ ആകമാന ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനും അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസുമായ ഇഗ്നാത്തിയോസ് അഫ്രേം ദ്വിതീയൻ

(മുദ്ര)

ക്രിസ്തുവിൽ നമ്മുടെ വാത്സല്യ സഹോദരൻ ഇന്ത്യയുടെ ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മാർ ബസേലിയോസ് തോമസ് പ്രഥമൻ ബാവായ്ക്കും, നമ്മുടെ വാത്സല്യ സഹോദര മെത്രാപ്പോലീത്താമാർക്കും ഇന്ത്യയിലെ യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയിലെ വൈദികർക്കും വിശ്വാസികൾക്കും അപ്പോസ്തോലിക വാഴ്‌വുകൾ.

മലങ്കരയിലുള്ള നമ്മുടെ പ.സഭയിലെ ഫലപ്രദവും വിജയകരവുമായ അപ്പോസ്തോലിക സന്ദർശനത്തിനുശേഷം ദമാസ്ക്കസിലെ നമ്മുടെ പാത്രിയർക്കാ അരമനയിൽ സുരക്ഷിതമായി തിരികെ എത്തിച്ചേർന്നതിൽ സ്വർഗ്ഗസ്ഥനായ പിതാവിന് നന്ദി സമർപ്പിച്ചുകൊള്ളുന്നു. ഈ സന്ദർശനം സാധ്യമാക്കിയ എല്ലാവരോടുമുള്ള കൃതജ്ഞത അറിയിക്കുവാൻ നാം ഈ അവസരം വിനിയോഗിക്കുന്നു. നിങ്ങളോടൊപ്പം ചിലവഴിച്ച ഓരോ നിമിഷത്തെയും നാം ഹൃദയത്തിൽ സൂക്ഷിക്കുകയും നിങ്ങളെ പിരിഞ്ഞിരിക്കുന്നതിൽ നാം ദുഃഖിക്കുകയും ചെയ്യുന്നു. നിങ്ങളോടൊപ്പം ആയിരുന്നതിലുള്ള സന്തോഷവും ശാരീരികമായി നിങ്ങളെ അകന്നിരിക്കുന്നതിലുള്ള ദുഃഖവുമാകുന്ന മിശ്രവികാരങ്ങളോടെയത്രേ നാം നിങ്ങളെ വിട്ടു പിരിഞ്ഞത്. എന്നിരുന്നാലും നിങ്ങൾ എല്ലായ്പ്പോഴും നമ്മുടെ ഹൃദയത്തിലും പ്രാർത്ഥനയിലും ഉണ്ടായിരിക്കും.

നിങ്ങളെ ഓർക്കുമ്പോൾ നമ്മുടെ ഹൃദയം സ്നേഹംകൊണ്ടും മമതകൊണ്ടും ത്രസിക്കുന്നു. നിങ്ങൾ സന്തോഷത്തോടും ആഹ്ളാദത്തോടും കൂടെ നമ്മെ സ്വീകരിച്ചു. നിങ്ങൾ നമ്മുടെ സമാധാന ദൗത്യത്തെ സ്വാഗതം ചെയ്തു. ഈ സന്ദർശനത്താൽ നിങ്ങളുടെ വിശ്വാസം ബലപ്പെട്ടുവെന്നും നമ്മുടെ വിശ്വാസം പുതുക്കം പ്രാപിച്ചു എന്നും നാം മനസ്സിലാക്കുന്നു. ഈ സന്ദർശനം വഴിയായി ആളുകൾക്ക് അതീതമായി അന്ത്യോഖ്യായും മലങ്കരയും തമ്മിലുള്ള ബന്ധം ബലപ്പെട്ടു. ഇത് ഈ അപ്പോസ്തോലിക സന്ദർശനത്തെ വൻ വിജയവും ചരിത്രപരവുമാക്കിത്തീർത്തു. നാം വി.പൗലോസിന്റെ വാക്കുകളെ ഓർമ്മിക്കുന്നു. കൃപയിൽ എനിക്കു കൂട്ടാളികളായ നിങ്ങളെ ഒക്കെയും എന്റെ ബന്ധനങ്ങളിലും സുവിശേഷത്തിന്റെ പ്രതിവാദത്തിലും സ്ഥിരീകരണത്തിലും ഞാൻ എന്റെ ഹൃദയത്തിൽ വഹിച്ചിരിക്കകൊണ്ടു അങ്ങനെ നിങ്ങളെ എല്ലാവരെയുംകുറിച്ചു വിചാരിക്കുന്നതു എനിക്കു ന്യായമല്ലോ (ഫിലിപ്യർ 1:7).

അതെ വാസ്തവമായും നിങ്ങൾ ഓരോരുത്തരും നാം നമ്മുടെ ഹൃദയത്തിൽ ആഴത്തിൽ വഹിക്കുന്നു. നിങ്ങൾ എല്ലാവരും നിങ്ങളുടെ ഹൃദയത്തിൽ നമ്മെ വഹിക്കുന്നു എന്നതും നാം മനസ്സിലാക്കുന്നു. യെരുശലേമേ നിന്നെ ഞാൻ മറക്കുന്നു എങ്കിൽ എന്റെ വലംകൈ മറന്നു പോകട്ടെ. നിന്നെ ഞാൻ ഓർക്കാതെ പോയാൽ യെരുശലേമിനെ എന്റെ മുഖ്യ സന്തോഷത്തേക്കാൾ വിലമതിക്കാതെ പോയാൽ എന്റെ നാവ് അണ്ണാക്കിനോട് പറ്റിപ്പോകട്ടെ (സങ്കീ.137:5,6).

അല്ലയോ ഇന്ത്യായിലുള്ള നമ്മുടെ വാത്സല്യ വിശ്വാസികളേ! അല്ലയോ യെരുസലേമേ! നാം നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങൾ എല്ലാവരോടും നാം ഉറപ്പായി പറയുന്നു, നാം നിങ്ങളെ ഒരിക്കലും വിസ്മരിക്കുകയില്ല. നിങ്ങളാണ് നമ്മുടെ മുഖ്യ സന്തോഷം. മലങ്കരയിലെ സഭ ക്രിസ്തുവിൽ നമ്മുടെ സഹോദരൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവായാലും, പ്രാദേശിക സുന്നഹദോസിനാലും ഫലപ്രദമായി നയിക്കപ്പെട്ടുവരുന്നതിൽ നാം സന്തുഷ്ടനാണ്. ശ്രേഷ്ഠ ബാവാ അത്യദ്ധ്വാനം ചെയ്തിരിക്കുന്നു. വളരെ സഹിക്കുകയും ചെയ്തു. കൂടാതെ തന്റെ പ്രായത്തെയും മോശമായ ആരോഗ്യത്തെയും മറന്ന് നമ്മുടെ സന്ദർശനത്തിലുടനീളം നമ്മെ അനുയാത്ര ചെയ്തു. പരി.സഭയേയും അന്ത്യോഖ്യാ സിംഹാസനത്തേയും ഇന്ത്യാമഹാരാജ്യത്തെയും ശുശ്രൂഷിക്കുവാൻ ഫലപ്രദമായ അനേകം വർഷങ്ങൾക്കൂടി ശ്രേഷ്ഠ പിതാവിന് ദൈവം ദാനം നൽകുവാനായി നാം പ്രാർത്ഥിക്കുന്നു. സേവനത്തിൽ ആത്മാർത്ഥതയുള്ളവരും വിശ്വാസത്തിൽ സ്ഥിരതയുള്ളവരുമായ നമ്മുടെ മെത്രാപ്പോലീത്തന്മാരുടെയും വൈദികരുടെയും വിശ്വാസികളുടെയും ദൃഢഭക്തിയെ ഓർത്ത് നാം കർത്താവിനെ സ്തുതിക്കുന്നു. നിങ്ങളുടെ എല്ലാ ആത്മീയ പ്രസ്ഥാനങ്ങളും ക്രിയാത്മകമായി ജീവിക്കുകയും നമ്മുടെ സഭയുടെ വിശ്വാസം പരത്തുകയും ചെയ്യുന്നതിൽ നാം സന്തുഷ്ടനാണ്. സണ്ടേസ്ക്കൂൾ അസോസിയേഷൻ, യുവജന - വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ, വനിതാസമാജം എന്നിവയെ നയിക്കുന്നവർക്ക് ഇതിനാൽ നമ്മുടെ വാഴ്‌വുകളെ നേരുന്നു. സഭയിലെ മാധ്യമങ്ങളുടെ പങ്കിനെ നാം ശ്ലാഘിക്കുകയും അതുല്യമായ വിശ്വാസത്തെ ജീവനുള്ളതും തീഷ്ണയുള്ളവയുമായി കാക്കുന്ന പ്രിന്റിംഗ്, ഇലക്ട്രോണിക് മാധ്യമങ്ങളിൽ പ്രവർത്തിക്കുന്നവരെ നാം അനുഗ്രഹിക്കുകയും ചെയ്യുന്നു.

ഇന്ന് അന്ത്യോഖ്യായിൽ പത്രോസിന്റെ സിംഹാസനം സ്ഥാപിക്കപ്പെട്ടതിനെ നാം ആഘോഷിക്കുന്നു. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള നിങ്ങളുടെ ദൃഢഭക്തിയിൽ നാം അതീവ സന്തുഷ്ടനാണ്. നിങ്ങളുടെ അവസാന ശ്വാസം വരെ ഇതിനെ സൂക്ഷിപ്പിൻ, നാം നിങ്ങളുടെ അടുക്കലേക്ക് സമാധാനത്തിന്റെയും നിരപ്പിന്റെയും നിയോഗവുമായി വന്നു. സമാധാനത്തിന്റെ ശ്രേഷ്ഠമായ ആവശ്യകതയെ ഉയർത്തിക്കാണിക്കുവാൻ നമുക്ക് സാധിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു. സമാധാനത്തിനുവേണ്ടിയുള്ള മലങ്കരയിലെ വലിയ ഒരു കൂട്ടം വിശ്വാസികളുടെ വാഞ്ജയെ സാധ്യമാക്കിക്കൊടുക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും നാം തുടരും. മലങ്കരയിൽ ആശയപരമായി ഒരു അഭിപ്രായ വ്യത്യാസം ഉണ്ടെന്ന് നാം മനസ്സിലാക്കുന്നു. ഭിന്നാഭിപ്രായമുള്ള ഇരുഭാഗത്തെ ആളുകളും ഒരേ വിശ്വാസവും ഒരേ ആരാധനയും പങ്കുവെയ്ക്കുന്നു. ആയതിനാൽ മാതൃകാപരമായി നാം ഒരുമിക്കലിനായി അദ്ധ്വാനിക്കണം. ഭാഗ്യസ്മരണാർഹനായ നമ്മുടെ മുൻഗാമി ഇന്ത്യയിലെ ഹൈക്കോടതിയുടെ വിധി സ്വാഗതം ചെയ്തിട്ട് ഇരുപത് വർഷം കഴിഞ്ഞിട്ടും വ്യത്യസ്തതകൾ നിന്ന നിലയിൽ തന്നെ നിലനിൽക്കുന്നു എന്നതാണ് അടിസ്ഥാന സത്യം. ഈ ദുഃഖസത്യത്തെ തിരിച്ചറിഞ്ഞതിൽനിന്നാണ് പൂർണ്ണമായ കൂദാശാ ഐക്യത്തിന് രണ്ട് സഭകളായോ ഒരേ സഭയിലെ രണ്ട് റീത്തുകളായി നിലനിൽക്കുക എന്ന നിലയിലോ തർക്കങ്ങൾ അവസാനിപ്പിക്കണം എന്ന് നാം പറഞ്ഞത്. ഏത് മാർഗ്ഗത്തിലായാലും തീരുമാനം മലങ്കരയിൽ തന്നെ എടുക്കുകയും, ആയതിനെ സാധ്യമാക്കിത്തീർക്കുക എന്ന ദൗത്യമാണ് നമ്മുക്കുള്ളത് എന്നും നാം വിചാരിക്കുന്നു. നമ്മുടെ സാന്നിദ്ധ്യത്തിൽ കൂടിയ പ്രാദേശിക സുന്നഹദോസ് ഈ കാര്യങ്ങളിലെ തുടർനടപടികളിലേക്കായി ഒരു മെത്രാപ്പോലീത്തൻ കമ്മിറ്റിയെ ഏകകണ്ഠമായി തെരഞ്ഞെടുത്തു. എല്ലാ തർക്കങ്ങൾക്കും അറുതിവരുത്തുവാനുള്ള ശ്രമങ്ങൾ ഫലപ്രാപ്തിയിൽ എത്തുമെന്ന് നാം വിശ്വസിക്കുന്നു. നാം നമ്മുടെ പ്രസംഗങ്ങളിൽ ഉദ്ബോധിപ്പിച്ചതുപോലെ എല്ലാ വിശുദ്ധ കുർബ്ബാനകളിലും എല്ലാ പ്രാർത്ഥനകളിലും സമാധാനത്തിനുവേണ്ടി പ്രാർത്ഥിപ്പിൻ. ദൈവത്താൽ അസാധ്യമായി ഒന്നുമില്ല. നമ്മുടെ സഭയിലും സമൂഹത്തിലും പരിശുദ്ധ റൂഹായുടെ ആവാസം സമാധാനം വരുത്തട്ടെ.

മാർത്തോമ്മാ സഭയുമായുള്ള നമ്മുടെ ബന്ധങ്ങളിൽ മുന്നോട്ടുപോകുവാൻ സാധിച്ചു എന്നതിൽ നാം സന്തുഷ്ടനാണ്. മാരാമണ്ണിൽ വലിയ ജനസമുദ്രത്തെ അഭിസംബോധന ചെയ്യുവാൻ ലഭിച്ച അവസരം ആനന്ദം നൽകുന്ന അനുഭവമായിരുന്നു. സീറോ മലബാർ സഭയുടെയും മലങ്കര കത്തോലിക്കാ സഭയുടെയും കർദ്ദിനാളന്മാരായ ജോർജ്ജ് ആലഞ്ചേരി, മോർ ബസ്സേലിയോസ് ക്ലിമ്മീസ് എന്നീ രണ്ട് മേജർ ആർച്ചുബിഷപ്പുമാരുമായുള്ള നമ്മുടെ കൂടിക്കാഴ്ചകൾ നന്ദിയോടെ നാം ഓർക്കുന്നു. മലങ്കരയിലെ നമ്മുടെ സഭ സഹോദരീ സഭകളുമായി നല്ല ബന്ധങ്ങൾ നിലനിർത്തണമെന്ന് നാം ആഗ്രഹിക്കുന്നു.

ഇന്ത്യയുടെ ആദരണീയനായ പ്രസിഡന്റ് ശ്രീ.പ്രണബ് മുഖർജിയുമായും ആദരണീയനായ പ്രധാനമന്ത്രി ശ്രീ.നരേന്ദ്രമോദിയുമായും കോൺഗ്രസ്സ് അദ്ധ്യക്ഷ ശ്രീമതി സോണിയാഗാന്ധിയുമായുള്ള കൂടിക്കാഴ്ചകൾ എല്ലാം ഫലപ്രദമായിരുന്നു.

നമ്മുടെ ആഗമനത്തിൽ നിങ്ങളുടെ മുഖ്യമന്ത്രി നമ്മുടെ ആത്മീയ പുത്രൻ ശ്രീ. ഉമ്മൻ ചാണ്ടി നമ്മെ സ്വീകരിച്ചു. നമ്മുടെ താമസത്തിനിടയ്ക്ക് അദ്ദേഹവുമായി സംസാരിക്കുന്നതിന് പല അവസരങ്ങളുമുണ്ടായി. അദ്ദേഹത്തിന്റെ വിനയവും കരുതലും നമ്മെ സ്വാധീനിച്ചു. നമ്മെ സംസ്ഥാന സർക്കാരന്റെ അതിഥിയായി കണ്ടതിലുള്ള നന്ദി അർപ്പിക്കുവാൻ നാം ഈ അവസരം വിനിയോഗിക്കുകയും അദ്ദേഹത്തിനും കുടുംബത്തിനും നമ്മുടെ അപ്പോസ്തോലക വാഴ്‌വുകൾ നേരുകയും ചെയ്യുന്നു. സംസ്ഥാന സർക്കാർ, വിവിധ സംഘടനകൾ, വിവിധ രാഷ്ട്രീയ നേതാക്കൾ ഉൾപ്പെടെയുള്ള സാമൂഹിക പ്രവർത്തകർ, സഹോദരീസഭാനേതാക്കൾ എന്നിവർ നമ്മെ കരുതുന്നതിൽ ഉദാരമതികൾ ആയിരുന്നു. പ്രിന്റിംഗ്, ഇലക്ട്രോമിക് മാധ്യമങ്ങൾ വിവിധ വിഷയങ്ങളിൽ നമ്മുടെ കാഴ്ചപ്പാടുകൾ സമൂഹത്തോട് പറയുന്നതിന് നമ്മുക്ക് അവസരം തന്നു. എല്ലാവരോടും നാം കൃതാർത്ഥനാണ്.

ക്രിസ്തുവിൽ നമ്മുടെ സഹോദരൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവായ്ക്ക് വേണ്ടിയും നമ്മുടെ സഹോദര മെത്രാപ്പോലീത്തായ്ക്കുവേണ്ടിയും, വൈദികർക്കുവേണ്ടിയും, നമ്മുടെ പ്രിയപ്പെട്ട വാത്സല്യമക്കൾക്കുവേണ്ടിയും നാം പ്രാർത്ഥിക്കുന്നു. നമ്മെ അനുയാത്ര ചെയ്ത മുഴുവൻ പ്രതിനിധി സംഘത്തിനുവേണ്ടിയും, നമ്മുടെ താമസം, യാത്ര, പ്രചരണം തുടങ്ങിയ നമ്മുടെ സന്ദർശനത്തിന്റെ എല്ലാ ക്രമീകരണങ്ങൾക്കും നാം നിങ്ങൾ എല്ലാവരോടും നന്ദി പറയുന്നു. ഗവൺമെന്റ് അധികാരികളോടും പോലീസ് ഫോഴ്സിനോടും മാധ്യമങ്ങളോടും നാം നന്ദി പറയുന്നു. ആരെയെങ്കിലും പരാമർശിക്കാൻ വിസ്മരിച്ചുപോയെങ്കിൽ ക്ഷമ ചോദിക്കുന്നു. ഒരിക്കൽക്കൂടി എല്ലാവർക്കും നന്ദി. നിങ്ങൾ എല്ലാവർക്കും നമ്മുടെ അപ്പോസ്തോലീക വാഴ്‌വുകൾ നേരുന്നു. ദൈവത്തിന്റെ കൃപകൾ നിങ്ങൾ എല്ലാവരോടുംകൂടെ വർത്തിച്ചിരിക്കുമാറാകട്ടെ.

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

താമസിച്ചതിന് ക്ഷമാപണം

ഒരു വിശ്വാസി

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

താമസിച്ചതിന് ക്ഷമാപണം

ഒരു വിശ്വാസി

## പ്രകാശനം ചെയ്തു

കൊട്ടാരക്കര : ഫാ.സി.ഡി.തോമസ് വടകോട് രചിച്ച വചനവേദി എന്ന പുസ്തകം കൊട്ടാരക്കര കൺവൻഷനിൽവച്ച് സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്താ പ്രകാശനം ചെയ്തു. സഖറിയാസ് മാർ അപ്രേം ആദ്യ പ്രതി ഏറ്റുവാങ്ങി.

## നർമ്മിഷ്ടൻ

കൊല്ലം : കാലം ചെയ്ത മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനിയുടെ 163 നർമ്മങ്ങൾ അടങ്ങിയ നർമ്മിഷ്ടൻ എന്ന പുസ്തകം ഫാ.സി.ഡി.തോമസ് വടകോട് തയ്യാറാക്കിയത് കൊല്ലം അരമനയിൽവെച്ച് സഖറിയാ മാർ അന്തോണിയോസ് പ്രകാശനം ചെയ്തു. ഡോ.യാക്കോബ് മാർ ഐറേനിയോസ് ആദ്യകോപ്പി ഏറ്റുവാങ്ങി. നർമ്മങ്ങൾക്ക് ഫാ.തോമസ് പി.മുകളിൽ ആണ് കാർട്ടൂൺ വരച്ചിരിക്കുന്നത്.

## പ്രാഥമിക നിയമാവബോധം സ്ത്രീകൾക്ക് അത്യാവശ്യം : സിസ്റ്റർ അഡ്വ.മേരി സ്കറിയ

ഗാസിയാബാദ് : അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യവ്യവസ്ഥിതിയിൽ സ്ത്രീകൾ നിയമബോധമുള്ളവരായിരിക്കണമെന്ന് സിസ്റ്റർ അഡ്വ.മേരി സ്കറിയാ അഭിപ്രായപ്പെട്ടു. അന്തർദേശീയ വനിതാദിനത്തോടനുബന്ധിച്ച് ഡൽഹി ഭദ്രാസന മർത്തമറിയം സമാജത്തിന്റെ ഏകദിന സമ്മേളനം ഗാസിയാബാദ് സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു സിസ്റ്റർ അഡ്വ.മേരി സ്ക്കറിയ. നിയമസംരക്ഷണം വേണ്ടിവരുന്ന സാഹചര്യങ്ങളിൽ തെളിവുകൾ പ്രധാനമാണെന്നും എന്നാൽ അറിവില്ലായ്മകൊണ്ടും ഭയംകൊണ്ടും സ്ത്രീകൾ പലപ്പോഴും കബളിപ്പിക്കപ്പെടുന്നുണ്ടെന്നും അപ്പോൾ കൂടുതൽ ജാഗരൂകരായിരിക്കുവാൻ ഓരോ സ്ത്രീകളും ബദ്ധശ്രദ്ധാലുക്കളാകുവാനും അതോടൊപ്പം സമൂഹത്തിൽ മറ്റുള്ളവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും ഓരോരുത്തർക്കും കടമയുണ്ട് എന്ന് സിസ്റ്റർ കൂട്ടിച്ചേർത്തു. മർത്തമറിയം സമാജം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ.തോമസ് ജോൺ മാവേലിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഗാസിയാബാദ് സെന്റ് തോമസ് ഇടവക വികാരി ഫാ.സജി ജോൺ സ്വാഗതവും മർത്തമറിയം സമാജം ഭദ്രാസന സെക്രട്ടറി ബേബി തോമസ് കൃതജ്ഞതയും അർപ്പിച്ചു. ഫാ.ജോൺസൺ ഐപ്പ്, ഫാ.അജു ഏബ്രഹാം, ഫാ.സജി ഏബ്രഹാം, ഫാ.സജു തോമസ്, ഫാ.ജാക്സൺ മാത്യൂസ് ജോൺ എന്നിവർ ആശംസകൾ അർപ്പിച്ചു.

## അദ്ധ്യാപകർ മാർഗ്ഗദർശകരാകണം : മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ

കോട്ടയം : അദ്ധ്യാപകരുടെ ദൗത്യം അവരുടെ വിഷയം പഠിപ്പിക്കുന്നതുകൊണ്ടു മാത്രം പൂർത്തിയാകുന്നില്ലെന്നും അവർ മാർഗ്ഗദർശകരായി മാറണമെന്നും ഇടുക്കി ഭദ്രാസന മെത്രാപ്പോലീത്താ മാത്യൂസ് മാർ തേവോദോസിയോസ് പറഞ്ഞു. വാക്കിലും പ്രവർത്തിയിലും അദ്ധ്യാപകർ വിദ്യാർത്ഥികൾക്ക് മാതൃകയായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. കാതോലിക്കേറ്റ് ആന്റ് എം.ഡി. സ്ക്കൂൾസ് മാനേജുമെന്റ് സ്ക്കൂളുകളിലെ അദ്ധ്യാപകരുടെ സമ്മേളനത്തിൽ അദ്ധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. ദേവലോകം കാതോലിക്കേറ്റ് അരമന ഓഡിറ്റോറിയത്തിൽ ചേർന്ന സമ്മേളനത്തിൽ ഫാ.മോഹൻ ജോസഫ്, ഒ.എസ്.കുറിയാക്കോസ്, പ്രൊഫ.പി.സി.ഏലിയാസ്, സി.സി.ആൻഡ്രൂസ്, പി.ഐ.മാത്യു, ഷെർളി ചെറിയാൻ എന്നിവർ പ്രസംഗിച്ചു. റിട്ടയർ ചെയ്യുന്ന പ്രിൻസിപ്പൽമാരും ഹെഡ്മാസ്റ്റർമാരും അദ്ധ്യാപകരുമായ 29 പേർക്ക് യോഗത്തിൽ യാത്രയയപ്പ് നൽകി.

## ഹാശാ ആഴ്ച ശുശ്രൂഷകൾക്ക് നേതൃത്വം നൽകാൻ പ.കാതോലിക്കാ ബാവാ മാർച്ച് 26ന് മസ്കറ്റിൽ

ഒമാൻ : മസ്കറ്റ് മഹായിടവകയുടെ ഈ വർഷത്തെ ഹാശാ ആഴ്ച ശുശ്രൂഷകൾക്ക് നേതൃത്വം നൽകാൻ പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ മാർച്ച് 26ന് മസ്കറ്റിലെത്തും. സഭയുടെ പരമാദ്ധ്യക്ഷനായി സ്ഥാനാരോഹണം ചെയ്തതിനുശേഷം ഇത് മൂന്നാം തവണയാണ് പ.കാതോലിക്കാ ബാവാ മസ്കറ്റിലെത്തുന്നത്. പ.കാതോലിക്കാ ബാവായെ സ്വീകരിക്കാൻ ഇടവക വമ്പിച്ച ഒരുക്കങ്ങളാണ് നടത്തുന്നത്.


## വധുവിനെ ആവശ്യമുണ്ട്

**ഓർത്തഡോക്സ് യുവാവ് 34/165 ഐ.റ്റി.ഐ. ഡിപ്ലോമ, സൗദിയിൽ ജോലി ചെയ്യുന്നു. ഇടത്തരം കുടുംബം. ദൈവഭയമുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽനിന്നും ആലോചന ക്ഷണിക്കുന്നു. M4 3994986, Mob: 9744565493, 9747846279**

**Age Btween 28 and 32 will be preferable**


## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

താമസിച്ചതിന് ക്ഷമാപണം

**ഒരു വിശ്വാസി**

## പാത്രിയർക്കീസിന്റെ സന്ദർശനം ഉയർത്തുന്ന ചിന്തകൾ....പേജ് 1-ൽനിന്ന്

ഈവകകാര്യങ്ങളിലോ പ്രശ്നത്തിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെക്കുറിച്ചോ മലങ്കര സഭാ നേതൃത്വം പ്രത്യേക ശ്രദ്ധ കാണിക്കുന്നില്ല എന്നതാണിപ്പോഴത്തെ അവസ്ഥ.

പ.പാത്രിയർക്കീസ് ബാവാ സമാധാന കാംഷിയാണ്. സമാധാനമുണ്ടാക്കാനാണ് വരുന്നത് എന്നൊക്കെ ആരോ ചേർന്ന് തെറ്റിദ്ധരിപ്പിച്ചതുകൊണ്ടാകാം അദ്ദേഹത്തിന്റെ സന്ദർശനത്തെ സ്വാഗതം ചെയ്തുകൊണ്ട് പ.പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പാത്രിയർക്കീസിന് ഒരു കത്തയക്കുകയും ചെയ്തു. നിയമപരമായും മലങ്കരസഭയുടെ ഇതുവരെയുള്ള നിലപാടുകളെ തികച്ചും തള്ളിക്കളഞ്ഞുകൊണ്ടുമുള്ള ഒരു മണ്ടത്തരമായിരുന്നു അതെന്ന് അഭിപ്രായമുള്ള അനേകരുണ്ട്. പാത്രിയർക്കീസിന്റെ സന്ദർശനം കഴിഞ്ഞപ്പോൾ കാതോലിക്കായ്ക്കും അതു ബോധ്യമായി എന്നാണ് മനസ്സിലാകുന്നത്.

പാത്രിയർക്കീസിന്റെ സന്ദർശനം പാത്രിയർക്കീസ്/യാക്കോബായ വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഒരു വൻ വിജയമായിരുന്നു എന്നതിനും സംശയമില്ല. ഇവിടെ കേരളത്തിൽ അങ്ങോളമിങ്ങോളം കാര്യമായ ചലനങ്ങളുണ്ടാക്കാനും, പൊതുസമൂഹത്തിൽ യാക്കോബായ സഭയുടെ നിലവാരം ഉയർത്തുവാനും ഇതുമൂലം കഴിഞ്ഞു.

മലങ്കരസഭ യാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ട് കൂടുതൽ സ്വയം ശക്തമാകുവാനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞ് മുമ്പോട്ടുപോകണം. പത്തുനാൽപത് വർഷങ്ങൾക്കു മുമ്പ് മലങ്കരസഭയുടെ അവിഭാജ്യ ഘടകമായിരുന്ന ക്നാനായ ഭദ്രാസനം പൂർണ്ണമായും സഭയ്ക്ക് നഷ്ടമായി. ഒരു വിഘടിത വിഭാഗമെന്ന് പറഞ്ഞ് തള്ളിക്കളഞ്ഞ പാത്രിയർക്കീസ് കക്ഷി ഇന്ന് കെട്ടുറപ്പുള്ള സഭയായി വളർന്നു. കേസുകൾ നിലനിൽക്കുന്ന പല പള്ളികളിലും പാത്രിയർക്കീസ് പ്രവേശിച്ച് അവയും സ്വന്തമാക്കി. മലങ്കരസഭയ്ക്ക് തുല്യം വളരുവാൻ പാത്രിയർക്കീസ് വിഭാഗത്തിനും സാധിച്ചു. ഇതു നേരിട്ടു കണ്ടു മനസ്സിലാക്കി ബോധ്യപ്പെട്ടതുകൊണ്ടാണ് വിഭജിച്ചു പിരിയുകയാണ് സമാധാനത്തിനുള്ള മാർഗ്ഗമെന്ന് പാത്രിയർക്കീസ് അവസാനം പറഞ്ഞത്.

ഈ സന്ദർശനത്തിലൂടെ വേറൊരു കാര്യം വ്യക്തമായി. ഇപ്പോഴത്തെ അന്ത്യോഖ്യാ പാത്രിയർക്കീസ് അപ്രേം രണ്ടാമൻ ബാവാ അധികാരമോഹിയാണ്, തന്ത്രശാലിയാണ്; മലങ്കരസഭ അദ്ദേഹവുമായി അടുക്കുന്നത് സൂക്ഷിച്ചുവേണം എന്ന് മുന്നൊരവസരത്തിൽ ഞാൻ മലങ്കരസഭാദീപത്തിൽ എഴുതിയിരുന്നു. അത് ശരിയാണെന്ന് ഏവർക്കും ബോധ്യമാകുന്ന രീതിയിലായിരുന്നു പാത്രിയർക്കീസിന്റെ പ്രവർത്തനങ്ങൾ.

അദ്ദേഹത്തിന്റെ അധികാരമോഹവും അധികാരഗർവ്വും പ്രസ്താവനകളിലും പ്രവർത്തനങ്ങളിലും ഉടനീളം ഉണ്ടായിരുന്നു. മലങ്കരസഭയുടെ യഥാർത്ഥ പരമാധികാരി താനാണ് ഇവിടെ രണ്ടുകൂട്ടർ കിടന്ന് അടികൂടുന്നു എന്ന നിലയിലായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണങ്ങൾ. മലങ്കരയിൽ നൂറ്റാണ്ടുകളായി നിലനിൽക്കുന്ന കക്ഷിവഴക്കുകളിൽ അന്ത്യോഖ്യാ പാത്രിയർക്കീസ് റഫറിയോ ന്യായാധിപനോ ഒന്നുമല്ല, ഈ കക്ഷിവഴക്കിലെ ഒരു പ്രധാന കക്ഷിയാണദ്ദേഹം. ഇത് അംഗീകരിക്കാൻ പാത്രിയർക്കീസന്മാർ തയ്യാറാകാത്തിടത്തോളം മലങ്കരസഭയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാവുകയില്ല. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ തുല്യസ്ഥാനിയായ പൗരസ്ത്യ കാതോലിക്കായെ ആ നിലയിൽ അംഗീകരിക്കാൻ തന്റെ മുൻഗാമികളെപ്പോലെതന്നെ അപ്രേം രണ്ടാമൻ ബാവായും തയ്യാറല്ല എന്ന് വളരെ വ്യക്തമാണ്. മാർത്തോമ്മാ ശ്ലീഹായ്ക്ക് പട്ടമില്ലെന്നും സിംഹാസനമില്ലെന്നും പറഞ്ഞ് കഴിഞ്ഞുപോയ പാത്രിയർക്കീസ് പുറപ്പെടുവിച്ച സുപ്രസിദ്ധമായ കല്പന പിൻവലിക്കുന്നതിനെക്കുറിച്ച് ഒരക്ഷരംപോലും ഉരിയാടാൻ ഇപ്പോഴത്തെ പാത്രിയർക്കീസ് തയ്യാറായിട്ടില്ല എന്നത് വളരെ ഗൗരവത്തോടുകൂടി മലങ്കരസഭ കാണണം.

അതുപോലെ പാത്രിയർക്കീസിന്റെ അധികാരഗർവ്വ് വ്യക്തമാക്കുന്ന വേറൊരു സംഭവമാണ് കേസുകളും പ്രശ്നങ്ങളും നിരോധനങ്ങളും നിലനിൽക്കുന്ന മുളന്തുരുത്തി, പിറവം തുടങ്ങിയ പള്ളികളിലേക്കുള്ള കടന്നുകയറ്റം. മലങ്കരസഭയോടും ഇന്നാട്ടിലെ നീതിന്യായ വ്യവസ്ഥിതിയോടും പൗരസ്ത്യ കാതോലിക്കേറ്റിനോടുമുള്ള വെല്ലുവിളിയായിരുന്നു അത്. ഇങ്ങനെയുള്ള ഒരു പാത്രിയർക്കീസുമായി മലങ്കരസഭയ്ക്ക് എന്നെങ്കിലും യോജിക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല.

## മലങ്കര അസോസിയേഷൻ....പേജ് 1-ൽനിന്ന്

ണ്ടായിലെ ബജറ്റ് ചർച്ച ചെയ്ത് പാസാക്കുന്നതും സുന്നഹദോസ് തന്നെ ചെയ്യേണ്ടിവരുമെന്നും ചില മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ അഭിപ്രായപ്പെട്ടു. മെത്രാന്മാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് തീരുമാനം എടുക്കേണ്ടത് സഭാമാനേജിംഗ് കമ്മിറ്റി അല്ല പ.സുന്നഹദോസ് ആണെന്ന് കഴിഞ്ഞതവണ കൂടിയ സുന്നഹദോസ് തീരുമാനമെടുത്തിരുന്നു. ഈ പശ്ചാത്തലത്തിലാണ് മലങ്കര അസോസിയേഷൻ വിളിച്ചുകൂട്ടി സഭാഭരണഘടന ഭേദഗതി ചെയ്യണമെന്ന് ചില മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ ആവശ്യപ്പെടുന്നത്.

## പാത്രിയർക്കീസിന്റെ സന്ദർശനം....പേജ് 1-ൽനിന്ന്

ഞ്ചേരി പള്ളി ഇപ്പോഴും പൂട്ടിത്തന്നെ കിടക്കുന്നു.

സഭയുടെ താൽപര്യത്തേക്കാളുപരി വ്യക്തിതാൽപര്യം പരിഗണിക്കുന്ന നേതാക്കന്മാരുള്ള മലങ്കരസഭയുടെ നിലപാട് അവസരവാദപരമാണെന്ന് അന്നേ ആക്ഷേപമുയർന്നിരുന്നു.

## ഉപകാരസ്മരണ



വി.സി.തോമസ് മുണ്ടിയപ്പള്ളി

## ഉപകാരസ്മരണ



മറിയാമ്മ മാമ്മൻ, ഓതറ

**Vol. 21 Issue 10**
**March 15**

**MALANKARA SABHA DEEPAM**
**P.B. 611, KOTTAYAM - 686001**
**Phone - 0481-2585499, Fax - 0481-2585499**

REG.No.42799/98/H6
REGISTERED No. KL/KTM/ 40/ 2015-2017

**Rs.2**

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 07/2015-17

**ചിരിവര —— ജോയി കുളനട**




## സെന്റ് ജൂഡ് ഓർത്തഡോക്സ് പള്ളി കൂദാശ ചെയ്തു

തിരുവനന്തപുരം : വി.യൂദാശ്ലീഹായുടെ നാമത്തിലുള്ള ആദ്യ ഇടവകപള്ളി കഴക്കൂട്ടത്ത് മേനംകുളം ഗെയിംസ് വില്ലേജിനു സമീപം അശ്വതി ഗാർഡൻസിനോട് ചേർന്ന് കൂദാശ ചെയ്തു. പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ കൂദാശാ കർമ്മത്തിന് പ്രധാന കാർമ്മികത്വം വഹിച്ചു. ഭദ്രാസനാധിപൻ ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, ഡോ.സഖറിയാസ് മാർ തെയോഫിലോസ്, ഡോ.സഖറിയാസ് മാർ അപ്രേം എന്നീ മെത്രാപ്പോലീത്തന്മാർ സഹകാർമ്മികത്വം വഹിച്ചു. മലങ്കരസഭയുടെ വിവിധ സ്ഥലങ്ങളിൽനിന്ന് ടെക്നോപാർക്കിൽ ജോലിക്കെത്തുന്ന യുവതീയുവാക്കൾ ദേവാലയവുമായി ബന്ധപ്പെട്ട് ആരാധനാസൗകര്യങ്ങളും മറ്റു ശുശ്രൂഷകളും പ്രയോജനപ്പെടുത്തണമെന്ന് വികാരി ഫാ.ജോസഫ് സാമുവൽ കറുകയിൽ കോർഎപ്പിസ്കോപ്പാ (ഫോൺ : 0471-6456245, 2541250) അറിയിച്ചു.

## ദുഃഖിതരായ സഹജീവികളുടെ കണ്ണുനീരൊപ്പാൻ കഴിയണം : ഡോ.യാക്കോബ് മാർ ഐറേനിയോസ്

കൊച്ചി : ദുഃഖിതരായ സഹജീവികളുടെ കണ്ണീരൊപ്പാൻ കഴിയണമെന്ന് കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ ഡോ.യാക്കോബ് മാർ ഐറേനിയോസ് പറഞ്ഞു. നഷ്ടപ്പെട്ടുപോയ ജീവിതമൂല്യങ്ങൾ പുനപ്രതിഷ്ഠിച്ചു കൊള്ളരുതായ്മകളെ ചെറുക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലെ കൺവൻഷൻ നഗറിൽ നടന്ന മെൽത്തോ 2015-ൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പ്രൊഫ.ഇട്ടി വർഗീസ്, ഫാ.പി.ഐ.വർഗീസ്, ഫാ.ജെയിംസ് വർഗീസ്, ഫാ.തോമസ് കെ.ഏലിയാസ്, ഫാ.മാത്യു ഏബ്രഹാം, സ്നേഹ സാറാ ജോസ് തുടങ്ങിയവർ പ്രസംഗിച്ചു.

## മതങ്ങളും മനുഷ്യസമൂഹവും മതപീഡനങ്ങളെ ഒന്നായി നേരിടണം : ഇന്റർ ചർച്ച് കൗൺസിൽ

കൊച്ചി : ലോകത്തിലെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് മദ്ധ്യപൂർവ്വദേശത്തും ആഫ്രിക്കയിലും മറ്റ് പലയിടങ്ങളിലും മതത്തിന്റെ പേരിൽ നടക്കുന്ന ക്രൂരതകളെയും പീഡനങ്ങളെയും നരഹത്യകളെയും മതങ്ങളും മനുഷ്യസമൂഹവും ഒന്നായി നേരിടണമെന്നും ലോകസമാധാനം സ്ഥാപിക്കണമെന്നും കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മാർച്ച് മൂന്നിന് ചേർന്ന ഇന്റർ ചർച്ച് കൗൺസിലിന്റെ യോഗത്തിൽ സംബന്ധിച്ച നാൽപത് മെത്രാന്മാർ ഐക്യകണ്ഠമായി ആവശ്യപ്പെട്ടു. ഐക്യരാഷ്ട്ര സംഘടന തന്നെ ഇതിനെ സംബന്ധിച്ച് ഒരു പൊതു നയ രൂപീകരണവും പ്രഖ്യാപനവും നടത്തണമെന്നും കേരളത്തിലെ എപ്പിസ്കോപ്പൽ സഭകളുടെ അദ്ധ്യക്ഷന്മാരും അംഗങ്ങളുമായ മെത്രാന്മാർ ആവശ്യപ്പെട്ടു. കേരളത്തിലുടനീളം എല്ലാ സഭകളിലും മാർച്ച് 24-ാം തീയതി ഉപവാസ പ്രാർത്ഥനാദിനമായി ആചരിക്കാനും തീരുമാനമായി. മാർച്ച് മൂന്നിന് രാവിലെ 10 മണിക്ക് കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരിയുടെ മുഖ്യ പ്രഭാഷണത്തോടെ ആരംഭിച്ച യോഗം നാലുമണിക്ക് അവസാനിച്ചു. ഓർത്തഡോക്സ് സഭയിൽനിന്ന് ഡോ.ജോഷ്വാ മാർ നിക്കോദിമോസ് സമ്മേളനത്തിൽ സംബന്ധിച്ചു. അടുത്ത വർഷം മാർച്ച് 1ന് കോട്ടയം സി.എം.എസ്. അരമനയിൽവെച്ച് ബിഷപ്പ് തോമസ് കെ.ഉമ്മന്റെ ആതിഥ്യത്തിൽ സമ്മേളനം നടക്കും.

## സംയുക്ത ഓർമ്മപ്പെരുന്നാൾ

കോട്ടയം : പ.വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദീവന്നാസിയോസ് തിരുമേനിയുടെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന കറുകച്ചാൽ കരുണഗിരി എം.ജി.ഡി.ആശ്രമം & ബാലഭവനിൽ പരിശുദ്ധന്റെ ഓർമ്മപ്പെരുന്നാളും സ്ഥാപകപിതാവ് ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളും സംയുക്തമായി മാർച്ച് 6,7 തീയതികളിൽ ആഘോഷിച്ചു. പെരുന്നാൾ ശുശ്രൂഷകൾക്ക് അലക്സിയോസ് മാർ യൗസേബിയോസ് മുഖ്യ കാർമ്മികത്വം വഹിച്ചു. ഫാ.പി.കെ.ഗീവർഗീസ് അനുസ്മരണ പ്രഭാഷണം നടത്തി. ഫാ.ഏബ്രഹാം മത്തായി ധ്യാനപ്രസംഗം നടത്തി.

## മാർ അപ്രേം ആരാധനാ ഗീതങ്ങളുടെ അക്ഷയഖനി സഭയ്ക്ക് നൽകി : മാർ യൗസേബിയോസ്

കുന്നിക്കോട് : മാർ അപ്രേം മൽപ്പാൻ ഒരു വൈദികനോ മെത്രാപ്പോലീത്തായോ ആയിരുന്നില്ലെങ്കിലും ശെമ്മാശ്ശൻ മാത്രമായി ജീവിച്ച അദ്ദേഹം സുറിയാനി സഭയ്ക്ക് ആരാധനാ ഗീതങ്ങളുടെ അക്ഷയഖനി സംഭാവന ചെയ്ത അനശ്വര വ്യക്തിയും മഹാപരിശുദ്ധനുമായിരുന്നുവെന്ന് സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനാധിപൻ അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ പ്രസ്താവിച്ചു. ചക്കുവരയ്ക്കൽ മാർ അപ്രേം പള്ളിയിൽ ഓർമ്മപ്പെരുന്നാളിൽ വി.കുർബ്ബാന മദ്ധ്യേ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പെരുന്നാളിന് ഫാ.സി.ഡി.തോമസ് വടകോട്, മുൻ വികാരിമാരായ ഔഗേൻ റമ്പാൻ, എ.ജി.ജോസഫ് റമ്പാൻ, എ.ജെ.ശാമുവൽ റമ്പാൻ, ഫാ.മർക്കോസ് ജോസഫ്, ഫാ.ജോസഫ് ജോർജ് പറങ്കിമാംമൂട്ടിൽ, ഫാ.ഏബ്രഹാം മത്തായി എന്നിവർ നേതൃത്വം നൽകി.

## സ്വയം ചോദിക്കാനും ഉത്തരം കണ്ടെത്താനും വചനശുശ്രൂഷ സഹായകമാകണം : പ.കാതോലിക്കാ ബാവാ

കുന്നംകുളം : ജീവിതം നിർമ്മലീകരിക്കാൻ സുവിശേഷം നിമിത്തമാകണമെന്ന് പ.കാതോലിക്കാ ബാവാ പറഞ്ഞു. വൈദികസംഘത്തിന്റെ നേതൃത്വത്തിൽ ആർത്താറ്റ് അരമനയിൽ നടന്ന ഭദ്രാസന കൺവൻഷനിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ദൈവീക ഭാവം ഉൾക്കൊള്ളുകയാണ് വലിയ നോമ്പ് ആചരണത്തിന്റെ പ്രത്യേകത. ഈ ഭാവം ഉൾക്കൊള്ളാൻ ആശയും വാക്കും വാചകവും നിർമ്മലമാക്കുകയാണ് ആദ്യപടി. പ്രവർത്തികളിൽ നിർമ്മലത കാത്തുസൂക്ഷിക്കുന്നതാണ് രണ്ടാമത്തേത്. പരോപകാരവും മനുഷ്യസ്നേഹത്തിലൂന്നിയ പ്രവർത്തനവുമാണ് പ്രവർത്തികളുടെ നിർമ്മലത. മനസ്സിന്റെ ചിന്താവ്യാപാരങ്ങളെ നിർമ്മലമാക്കുന്നതാണ് അവസാനത്തേത്. ദൈവവും മനസ്സും മാത്രമറിയുന്ന ഈ വ്യാപാരത്തിൽ ഏറെ ദുഷ്ക്കരമെങ്കിലും മനസ്സിനെ നിർമ്മലീകരിക്കാൻ അശ്രാന്ത പരിശ്രമം വേണം. വാക്കിലും പ്രവർത്തിയിലും മനസ്സിലും ഈ നിർമ്മല ജീവിതം കാത്തുസൂക്ഷിക്കുവാൻ നാം സ്വയം ചോദിക്കാനും ഉത്തരം കണ്ടെത്താനും വചനശുശ്രൂഷ സഹായകമാകണം. ഇതിന് ആചാരങ്ങൾ വേണമെന്നും, തിരുവചനം കേൾക്കണമെന്നും പ.ബാവാ ഓർമ്മിപ്പിച്ചു. സന്ധ്യാനമസ്ക്കാരത്തിന് പ.ബാവാ നേതൃത്വം നൽകി. ഫാ.ജോജി കെ.ജോയി, ഫാ.ജോസഫ് ചെറുവത്തൂർ, ഫാ.ഡോ.സണ്ണി ചാക്കോ തുടങ്ങിയവർ പ്രസംഗിച്ചു.

## നിലയ്ക്കൽ ഭദ്രാസന പ്രാർത്ഥനായോഗം നാലാമത് വാർഷികവും കാതോലിക്കാദിനാഘോഷവും

റാന്നി : നിലയ്ക്കൽ ഭദ്രാസനത്തിലെ പ്രാർത്ഥനായോഗങ്ങളുടെ നാലാമത് വാർഷികവും കാതോലിക്കാദിനാഘോഷവും പ.ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 51-ാം ചരമവാർഷിക അനുസ്മരണ സമ്മേളനവും മാർച്ച് 22ന് റാന്നി സെന്റ് തോമസ് അരമനയിലെ പ.ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ നഗറിൽവെച്ച് നടത്തപ്പെടും.

ഭദ്രാസന മെത്രാപ്പോലീത്താ ഡോ.ജോഷ്വാ മാർ നിക്കോദിമോസിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന സമ്മേളനം അഖില മലങ്കര പ്രാർത്ഥനായോഗം പ്രസിഡന്റ് ഏബ്രഹാം മാർ എപ്പിഫാനിയോസ് ഉദ്ഘാടനം ചെയ്യും. അയിരൂർ മതാപ്പാറ സെന്റ് തോമസ് ഇടവകാംഗം മിന്റ മറിയം വർഗീസ് പ.ബസ്സേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ അനുസ്മരണം നടത്തും.

ഭദ്രാസന സെക്രട്ടറി ഫാ.ഷൈജു കുര്യൻ, പ്രാർത്ഥനായോഗം വൈസ് പ്രസിഡന്റ് ഫാ.എബി വർഗീസ്, ഭദ്രാസന കൗൺസിൽ അംഗം ഫാ.ജോജി മാത്യു, സഭാമാനേജിംഗ് കമ്മിറ്റി അംഗം അഡ്വ.മാത്യൂസ് മഠത്തേത്ത്, ഭദ്രാസന കൗൺസിൽ അംഗം കെ.എ.ഏബ്രഹാം തുടങ്ങിയവർ പ്രസംഗിക്കും. പ്രാർത്ഥനായോഗം ജനറൽ സെക്രട്ടറി പി.എം.വർഗീസ് റിപ്പോർട്ട് അവതരിപ്പിക്കും.

## മല്ലപ്പള്ളി കൺവൻഷൻ

മല്ലപ്പള്ളി : മല്ലപ്പള്ളി കേന്ദ്രമാക്കി സമീപ ഓർത്തഡോക്സ് ദേവാലയങ്ങളുടെ നേതൃത്വത്തിൽ നടത്തിവരുന്ന മല്ലപ്പള്ളി കൺവൻഷൻ ഫെബ്രുവരി 23 മുതൽ 26 വരെ മല്ലപ്പള്ളി ബഥനി അങ്കണത്തിൽ മാർ ദീവന്നാസിയോസ് നഗറിൽ നടന്നു. സമൂഹത്തിലെ തിന്മകളെ വിവേചിച്ചറിഞ്ഞ് ജീവിക്കാനും ദൈവസ്നേഹം വ്യാപിപ്പിക്കാനും തയ്യാറാകണമെന്ന് കൺവൻഷൻ ഉദ്ഘാടനം ചെയ്തു ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ് പറഞ്ഞു. നോമ്പിന്റെയും ഉപവാസത്തിന്റെയും കാലഘട്ടം ന്യായപരിശോധനകളും തിരുത്തലുകൾക്കുംവേണ്ടി ഉപയോഗിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഫാ.സി.കെ.കുര്യൻ അദ്ധ്യക്ഷത വഹിച്ചു. ഫാ.ഡോ.കുര്യൻ ഡാനിയേൽ, ഫാ.ജേക്കബ് എം.വർഗീസ്, ഫാ.ഗീവർഗ്ഗീസ് സാമുവൽ ആറ്റുവ, ഫാ.ജോൺ മാത്യു ആഞ്ഞിലിമൂട്ടിൽ, ഫാ.നൈനാൻ വർഗീസ്, ഫാ.ജോബ് മാത്യു, ഫാ.ജോൺസൺ വി., ഫാ.വർഗീസ് ജോൺ, ഫാ.കെ.ഐ.ഗീവർഗീസ് കടുത്താനത്ത്, ഫാ.വർഗീസ് തുടങ്ങിയവർ സംബന്ധിച്ചു.

**Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor**